SBI Life
INSURANCE
With Us, You're Sure

# എസ്ബിഐ ലൈഫിന്
ഒപ്പമുള്ള
# ലൈഫ് ഇൻഷുറൻസ്
യാത്രയുടെ
അടിസ്ഥാന മാർഗ്ഗരേഖ

**പോളിസിഹോൾഡർക്കുള്ള ലൈഫ് ഇൻഷുറൻസ് മാർഗ്ഗരേഖ**

- പോളിസി ഡോക്കുമെന്റ്
- പോളിസി സർവീസിംഗ്
- പോളിസി പുതുക്കൽ
- പോളിസി ആനുകൂല്യങ്ങൾ

**എസ്ബിഐ ലൈഫുമായി ബന്ധപ്പെടുക**



# പോളിസിഹോൾഡർക്കുള്ള
# ഇൻഷുറൻസ് മാർഗ്ഗരേഖ

ഭാഷ്യം : GBKPH.ver.03-06-21 BKL MAL

## ഉള്ളടക്കം


**മുഖവുര..........................................................................1**

**ഇൻഷുറൻസ് പോളിസിയുടെ ജീവിതചക്രം ..................................1**

**പോളിസി ഡോക്കുമെന്റ് മനസ്സിലാക്കൽ .......................................4**

1. പുറം വിവരങ്ങൾ
2. ആദ്യ പ്രീമിയത്തിന്റെ രസീത്
3. സുപ്രധാന വിവരങ്ങളുടെ ഡോക്കുമെന്റ്
4. പോളിസി ഷെഡ്യൂൾ
5. പോളിസി ബുക്ക്‌ലെറ്റ്
6. ഇൻഡെക്സ്
7. അനുബന്ധം
8. ഓംബുഡ്സ്മാൻ കേന്ദ്രത്തിന്റെ വിവരങ്ങൾ
9. സുപ്രധാന വ്യക്തിപരമായ വിവരങ്ങൾ
10. പ്രൊപ്പോസൽ ഫോമിന്റെയും രേഖകളുടെയും സ്കാൻ ചെയ്ത പകർപ്പുകൾ

**ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടൽ....................................7**

1. ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുക
2. കോൾ സെന്റർ
3. ഇ-മെയിൽ
4. എസ്എംഎസ്
5. ഞങ്ങൾക്ക് എഴുതുക
6. വെബ്സൈറ്റ്
7. കസ്റ്റമർ സെൽഫ് സർവീസ് പോർട്ടൽ
8. വാട്ട്സാപ്പ് ഓപ്റ്റ്-ഇൻ
9. മൊബൈൽ ആപ്ലിക്കേഷൻ

**നിങ്ങളുടെ പോളിസി പുതുക്കൽ..............................................12**

1. വെബ്സൈറ്റ് വഴി
2. ഇഎഫ്ടി
3. ഡയറക്ട് റെമിറ്റൻസ്
4. നെറ്റ് ബാങ്കിംഗ്
5. എസ്ഐ-ക്രെഡിറ്റ് കാർഡ്

6. ക്യാഷ് റെമിറ്റൻസ് വഴി
7. പേയ്മെന്റ് ആപ്ലിക്കേഷനുകൾ
8. ഇ-വാലറ്റുകൾ
9. മൊബൈൽ ബാങ്കിംഗ്

പോളിസിയുമായി ബന്ധപ്പെട്ട സേവനങ്ങൾ....................................14
എ. സാമ്പത്തിക സേവനങ്ങൾ
1. ഫ്രീ ലുക്ക് ക്യാൻസലേഷൻ
2. ഫണ്ടുകളുടെ ഭാഗികമായ പിൻവലിക്കൽ
3. സറണ്ടർ
4. പോളിസിയുടെ ഈടിന്മേൽ വായ്പ
ബി. സാമ്പത്തികേതര സേവനങ്ങൾ
1. പോളിസിയുടെ അസൈൻമെന്റ്
2. ഡ്യൂപ്ലിക്കേറ്റ് പോളിസി ബോണ്ട്
3. സമ്പർക്ക വിവരങ്ങൾ പുതുക്കൽ
4. നോമിനി വിവരങ്ങൾ പുതുക്കൽ
5. ഫണ്ട് സ്വിച്ചും ഫണ്ടുകളുടെ റീഡയറക്ഷനും
6. റിവൈവൽ
7. പേരിൽ മാറ്റം വരുത്തൽ
8. ഒപ്പിലെ മാറ്റം
9. പോളിസി ഡീമറ്റീരിയലൈസ്/റീമറ്റീരിയലൈസ് ചെയ്യുക

ക്ലെയിമുകളുടെ സെറ്റിൽമെന്റ് ..................................................................25
1. ഡെത്ത് ക്ലെയിം
2. റൈഡർ ക്ലെയിം
3. മെച്യൂരിറ്റി ആനുകൂല്യങ്ങൾ
4. സർവൈവൽ ആനുകൂല്യങ്ങൾ
5. ആന്വിറ്റി പേഔട്ടുകൾ

പദസംഗ്രഹം ..........................................................................................27
നിരാകരണം..........................................................................................29

## മുഖവുര

ലൈഫ് ഇൻഷുറൻസ് വ്യക്തി ജീവിതത്തിലെ റിസ്ക്ക് കവർ ചെയ്യുവാൻ ഒരു വ്യക്തിയെ സഹായിക്കുന്ന ഒരു ഉപാധിയാണ്. റിസ്ക്ക് എന്നാൽ മരണത്തിനോ, രോഗത്തിനോ, അപകടത്തിനോ ഉള്ള സാദ്ധ്യതയാകാം. അത് നമ്മൾ തിരഞ്ഞെടുക്കുന്ന ലൈഫ് ഇൻഷുറൻസ് പ്രൊഡക്ടിനെ ആശ്രയിച്ചിരിക്കുന്നു. ഇൻഷുറൻസ് ഉണ്ടായിരിക്കുന്നത് പോളിസി ഉടമകളെ അവർക്കു വന്നു സംഭവിക്കാവുന്ന നിർഭാഗ്യകരമായ സംഭവങ്ങളിൽ അവരുടെ ഇൻഷുറൻസ് പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് സാമ്പത്തികമായി സഹായിക്കും.

## ഇൻഷുറൻസ് പോളിസിയുടെ ജീവിതചക്രം:

പോളിസിയുടെ ജീവിതചക്രം ഒരു വ്യക്തി ശരിയായി പൂരിപ്പിച്ച് ഒപ്പു വച്ച പ്രൊപ്പോസൽ ഫോറവും (ഫിസിക്കൽ/ഡിജിറ്റൽ രീതിയിലുള്ളത്) ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കുമ്പോൾ ആരംഭിക്കുന്നു.

നമ്മൾ ഡിജിറ്റൽ പ്രക്രിയയിലേക്കു മാറിക്കൊണ്ടിരിക്കുന്നതിനാൽ വ്യക്തിയിൽ/ പ്രൊപ്പോസറിൽ നിന്നും ഇൻഷുറൻസ് പ്രൊപ്പോസൽ ഡിജിറ്റലായി സ്വീകരിക്കുന്നതിനു വേണ്ടി ലൈഫ് മിത്രയ്ക്കും സർട്ടിഫൈഡ് ഇൻഷുറൻസ് ഫെസിലിറ്റേറ്റർക്കും (സിഐഎഫ്) ടാബ്‌ലറ്റ്/മൊബൈൽ പ്രദാനം ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ ഓൺ-ബോർഡിംഗിന്റെ ആദ്യ പടി നീഡ് അനാലിസിസ് ആണ്. ഇതിൽ വ്യക്തിയുടെ വ്യക്തിപരമായ വിവരങ്ങൾ, സാമ്പത്തിക വിവരങ്ങൾ, സാമ്പത്തിക ലക്ഷ്യങ്ങൾ, ഉദാ. റിട്ടയർമെന്റ് പ്ലാനിംഗ് അല്ലെങ്കിൽ ഒരു വീട് വാങ്ങൽ മുതലായവ പൂരിപ്പിക്കുന്നത് ഉൾപ്പെടുന്നു. നൽകപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ ഇൻഷുറൻസ് പ്രൊഡക്ടുകൾ ശുപാർശ ചെയ്യപ്പെടുന്നു. പ്രൊഡക്ട് തിരഞ്ഞെടുത്തു കഴിയുമ്പോൾ ഒരു പ്രത്യേക സാഹചര്യത്തിൽ നൽകപ്പെടുന്ന ആനുകൂല്യങ്ങളുടെ ബെനിഫിറ്റ് ഇല്ലസ്ട്രേഷൻ പ്രദർശിക്കപ്പെടും. ഇവ 4%, 8% എന്നീ അനുമാനിത ആദായ നിരക്കുകളിൽ ഉണ്ടായിരിക്കും. വ്യക്തിക്ക് അതേ പ്രൊഡക്ടിന്റെ വാങ്ങൽ നടപടികളുമായി മുന്നോട്ടു പോകുകയോ കൂടുതൽ നല്ലതെന്നു തോന്നുന്ന മറ്റൊരു പ്രൊഡക്ട് തിരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാണ്.

പ്രൊപ്പോസർ തനിക്ക് ഇഷ്ടപ്പെട്ട പ്രൊഡക്ട് തിരഞ്ഞെടുത്തു കഴിയുമ്പോൾ അയാൾ/അവർ ഓൺലൈൻ പ്രോപ്പോസൽ ഫോം പൂരിപ്പിക്കുകയും പ്രീമിയം അടയ്ക്കുകയും വേണം. പ്രൊപ്പോസർക്ക് പ്രീമിയം അടയ്ക്കുന്നതിനായി ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ, പ്രൊപ്പോസറുടെ മൊബൈൽ നമ്പരിലേക്ക് എസ്എംഎസ് വഴി അയയ്ക്കുന്ന bit.ly ലിങ്ക് ഉപയോഗിച്ച്, ഇഎഫ്ടി രീതി അല്ലെങ്കിൽ ചെക്ക് പേയ്മെന്റ് അങ്ങനെ നിരവധി മാർഗ്ഗങ്ങൾ ലഭ്യമാണ്. ഒടിപി വഴി ഇ-സൈൻ പൂർത്തിയാക്കാൻ മറക്കാതിരിക്കുക.

ഓൺ-ബോർഡിംഗ് യാത്രയിലുടനീളം ഡിജിറ്റൽ കെവൈസി സമർപ്പണത്തിനുള്ള പല മാർഗ്ഗങ്ങൾ പ്രൊപ്പോസർക്കു ലഭ്യമാണ്. കസ്റ്റമർക്ക് അയാളുടെ/അവരുടെ സികെവൈസി ഐഡി എന്റർ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കെവൈസി വിവരങ്ങൾ നേരിട്ട് സെൻട്രൽ ഡിപ്പോസിറ്ററിയിൽ നിന്നും എടുക്കുകയും ചെയ്യാവുന്നതാണ്. ഓഫ്‌ലൈനിലും വീഡിയോ വഴിയും ഇകെവൈസി പൂർത്തിയാക്കുന്നതിനുള്ള അവസരം കസ്റ്റമർക്കു ലഭ്യമാണ്. കെവൈസി സമർപ്പണ പ്രക്രിയ അതുവഴി കെവൈസി വിവരങ്ങൾ യുഐഡിഎഐ സൈറ്റിൽ നിന്നും നേരിട്ട് എടുക്കുന്നതാണ്. കെവൈസി സമർപ്പണ പ്രക്രിയ കൂടുതൽ എളുപ്പമാക്കുന്നതിനായി bit.ly ലിങ്ക് വഴി കെവൈസി രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള മാർഗ്ഗവും നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ പൂരിപ്പിക്കലിന്റെയും സമർപ്പിക്കലിന്റെയും എല്ലാ ഘട്ടങ്ങളിലും അഡ്വൈസർ/ഫെസിലിറ്റേറ്റർ സഹായത്തിനുണ്ടാകും.

ഫോം/ഡാറ്റ എസ്ബിഐ ലൈഫിൽ ലഭിച്ചു കഴിയുമ്പോൾ പ്രീ ഇഷ്യൂവൻസ് വെരിഫിക്കേഷൻ കോളും (പിഐഡബ്ല്യൂസി) പ്രൊപ്പോസൽ റിസ്ക്ക് അസ്സസ്സ്മെന്റും (അണ്ടർറൈറ്റിംഗ്) ആരംഭിക്കും. പിഐഡബ്ല്യൂസി സമയത്ത് പ്രൊപ്പോസൽ ഫോമിൽ കൊടുത്തിട്ടുള്ള വിവിധ വിവരങ്ങൾ സ്ഥിരീകരിക്കുന്നതിന് കസ്റ്റമറോട് ആവശ്യപ്പെടും. കസ്റ്റമർക്ക് അയാളുടെ/അവരുടെ സൗകര്യമനുസരിച്ച് ഇൻസ്റ്റാ പിഡബ്ലുസി (ഡിജിറ്റൽ പിഐഡബ്ല്യൂസി) പ്രക്രിയ വഴയും വെരിഫിക്കേഷൻ പ്രക്രിയ പൂർത്തീകരിക്കാവുന്നതാണ്. ഈ കോളിന്റെ ഉദ്ദേശ്യം പ്രൊപ്പോസൽ ഫോമിൽ കൊടുത്തിരിക്കുന്ന എല്ലാ വിവരങ്ങളും കസ്റ്റമർ അറിഞ്ഞിട്ടുണ്ടോ എന്നു സ്ഥിരീകരിക്കുകയാണ്. അതോടൊപ്പം തന്നെ കസ്റ്റമറുടെ പ്രായം അനുസരിച്ച് ആവശ്യപ്പെട്ടിരിക്കുന്ന ഇൻഷുറൻസ് തുകയും സംബന്ധിച്ച റിസ്ക്ക് അസ്സസ്സ്മെന്റും (അണ്ടർറൈറ്റിംഗ്) നടക്കുകയും വൈദ്യ പരിശോധനയുടെ ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുകയും ആവശ്യമുണ്ടെങ്കിൽ വൈദ്യ പരിശോധന ക്രമീകരിക്കുന്നതിനു വേണ്ടി കസ്റ്റമർക്ക് ഒരു കോൾ ലഭിക്കുകയും ചെയ്യും. ആശുപത്രികൾ/ഡയഗ്നോസ്റ്റിക് സെന്ററുകൾ കസ്റ്റമറുടെ സ്ഥലവും സൗകര്യവും അനുസരിച്ച് ശുപാർശ ചെയ്യപ്പെടുകയും അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യപ്പെടുകയും ചെയ്യും.

വൈദ്യ പരിശോധനകൾ (ഉണ്ടെങ്കിൽ) വിജയകരമായി പൂർത്തിയാക്കുകയും റിപ്പോർട്ടുകൾ ഇൻഷുറൻസ് കമ്പനിക്കു ലഭിക്കുകയും ചെയ്യുമ്പോൾ പ്രൊപ്പോസൽ ഫോം കമ്പനിയുടെ അന്തിമ റിസ്ക്ക് അസ്സസ്സ്മെന്റിനു വിധേയമാകും. കസ്റ്റമർക്ക് പോളിസി ഇഷ്യൂ ചെയ്യാൻ കഴിയുമോ എന്ന് അണ്ടർറൈറ്റർ തീരുമാനിക്കും. ഉവ്വ് എങ്കിൽ അത് ഒന്നുകിൽ സാധാരണ പ്രീമിയം അനുസരിച്ചോ റിസ്ക്ക് അസ്സസ്സ്മെന്റിന്റെ അടിസ്ഥാനത്തിൽ അധിക പ്രീമിയം അനുസരിച്ചോ ആയിരിക്കും. പോളിസി ഇഷ്യൂ ചെയ്യുന്നില്ലെങ്കിൽ പോളിസിഹോൾഡർ അടച്ച പ്രീമിയം അവരുടെ സ്രോതസ്സ് അക്കൗണ്ടിലേക്ക് തിരികെ അയയ്ക്കുന്നതാണ്. പോളിസി ഇഷ്യൂ ചെയ്യപ്പെട്ടതിനു ശേഷം (സാധാരണ പ്രീമിയം അല്ലെങ്കിൽ അധിക പ്രീമിയം അനുസരിച്ച്) പോളിസി ഡോക്കുമെന്റ്

കസ്റ്റമർക്ക് അയച്ചുകൊടുക്കുന്നതാണ്. കൂടാതെ, ജനന തീയതിയും കസ്റ്റമറുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് അയയ്ക്കുന്ന ഒടിപിയും എന്റർ ചെയ്യുന്നതിലൂടെ പോളിസി ഡോക്കുമെന്റിന്റെ സോഫ്റ്റ് കോപ്പി എടുക്കാൻ കസ്റ്റമേഴ്സിനെ സഹായിക്കുന്നതിനായി ഒരു bit.ly ലിങ്ക് കൂടി അവർക്ക് അയച്ചു കൊടുക്കുന്നതാണ്.

പോളിസി ഡോക്കുമെന്റ് പോളിസിയുടെ എല്ലാ വിവരങ്ങളും പോളിസി സംബന്ധമായ നിബന്ധനകളും വ്യവസ്ഥകളും അടങ്ങിയ സുപ്രധാന രേഖയാണ്. പോളിസി ഡോക്കുമെന്റിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ഭാഗത്തു കൊടുത്തിട്ടുണ്ട്.

പോളിസി കാലയളവിൽ പോളിസിഹോൾഡർ പോളിസിക്കു കീഴിൽ പരിരക്ഷ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും റിസ്ക്ക് അഭിമുഖീകരിക്കുകയാണെങ്കിൽ കമ്പനിക്കു ലഭിക്കുന്ന ക്ലെയിമിന്റെ അടിസ്ഥാനത്തിൽ പേയ്മെന്റുകൾ നൽകുന്നതിനുള്ള പ്രക്രിയ ആരംഭിക്കുന്നതാണ്.

പോളിസി നിർത്തലാക്കപ്പെടുന്ന സാഹചര്യങ്ങൾ പോളിസി ഡോക്കുമെന്റിൽ വിവരിച്ചിട്ടുണ്ട്:

1. പോളിസി കാലാവധി അവസാനിക്കുകയും പോളിസി കാലപൂർത്തിയാകുകയും ചെയ്യു.
2. അപകടം/ആത്മഹത്യ കാരണത്താലുള്ള മരണം (പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചും പ്രൊപ്പോസൽ ഫോം സമർപ്പിക്കുന്ന സമയത്ത് കസ്റ്റമർ എടുത്തിരിക്കുന്ന ഓപ്ഷനുകൾ അനുസരിച്ചും).
3. പോളിസി സറണ്ടർ ചെയ്യപ്പെടുക (പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്)
4. പോളിസിഹോൾഡർ ഫ്രീ ലുക്ക് ക്യാൻസലേഷൻ ഉപയോഗിക്കുക.
5. തെറ്റായ പ്രസ്താവന കാരണത്താലോ വസ്തുതകൾ വെളിപ്പെടുത്താത്തതു കാരണത്താലോ പോളിസി നിർത്തലാക്കപ്പെടുക.

മുകളിൽ പറഞ്ഞ നിബന്ധനകൾ പൂർത്തീകരിക്കുന്നതിനു വിധേയമായി പോളിസിയുടെ ജീവിത ചക്രം അവസാനിക്കുന്നതാണ്.

ഓൺ-ബോർഡിംഗിനും ഇൻഷുറൻസ് ചക്രത്തിൽ നിന്നുള്ള പുറത്തുപോകലിനും ഇടയിൽ പോളിസി ഹോൾഡർക്ക് വിവിധ സമയങ്ങളിൽ സഹായങ്ങൾ ആവശ്യമുണ്ടാകും. അവ ഈ പുസ്തകത്തിന്റെ പോളിസിയുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സെക്ഷനിൽ കൊടുത്തിട്ടുണ്ട്.

## പോളിസി ഡോക്കുമെന്റ് മനസ്സിലാക്കൽ

പോളിസി ഡോക്കുമെന്റ് വളരെ പ്രധാനപ്പെട്ട ഒരു രേഖയാണ്. സേവനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു വേണ്ടി അത് ഇടയ്ക്കിടെ പരിശോധിക്കേണ്ടി വരും. പോളിസി ഡോക്കുമെന്റ് സുരക്ഷിതമായി സൂക്ഷിക്കുക. പതിനൊന്ന് അക്കങ്ങളുള്ള നിങ്ങളുടെ പോളിസി നമ്പർ അനന്യമായ ഒരു തിരിച്ചറിയൽ നമ്പരാണ്, പോളിസിയുടെ ആയുഷ്ക്കാലം മുഴുവൻ അതു മാറ്റമില്ലാതെ തുടരും. നിങ്ങൾ നടത്തുന്ന എല്ലാ ആശയ വിനിമയങ്ങളിലും എളുപ്പത്തിലുള്ള റഫറൻസിനു വേണ്ടി പോളിസി നമ്പർ രേഖപ്പെടുത്താൻ മറക്കാതിരിക്കുക.

ഡീമറ്റീരിയലൈസേഷൻ വഴി ഇലക്ട്രോണിക് പോളിസി എടുക്കുന്നതിനുള്ള അവസരവും പോളിഹോൾഡേഴ്സിന് ലഭ്യമാണ്. ഈ പ്രക്രിയയ്ക്കു കീഴിൽ പ്രൊപ്പോസൽ ഫോം പൂരിപ്പിക്കുന്ന സമയത്ത് പോളിസി ഇലക്ട്രോണിക് രൂപത്തിൽ സ്വീകരിക്കുന്നതിനുള്ള സമ്മതം കസ്റ്റമർ നൽകേണ്ടതാണ്. വിശദമായ പ്രക്രിയ ഈ ബുക്ക്ലെറ്റിൽ പിന്നാലെ കൊടുത്തിട്ടുണ്ട്.

ശ്രദ്ധിക്കുക - പോളിസി സേവനങ്ങൾക്കു വേണ്ടിയും ക്ലെയിം പ്രൊസസ്സിംഗിനും ഒരു ഇലക്ട്രോണിക് പോളിസി ഉപയോഗിക്കാൻ സാധിക്കും.

പോളിസി ഡോക്കുമെന്റിൽ താഴെപ്പറയുന്ന ഭാഗങ്ങൾ ഉണ്ട്:

### 1. വെൽക്കം ലെറ്റർ

ഈ പേജിൽ പോളിസി ഹോൾഡറുടെ സമ്പർക്ക വിവരങ്ങൾ, പോളിസി നമ്പർ, പ്രൊഡക്ടിന്റെ പേര്, പ്രീമിയം അടയ്ക്കേണ്ട തീയതി (റെഗുലർ പ്രീമിയം പേയ്മെന്റ് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ), കസ്റ്റമർ സെൽഫ് സർവീസ് വിവരങ്ങൾ, ഫ്രീ ലുക്ക് ക്യാൻസലേഷൻ ഓപ്ഷന്റെ വിവരങ്ങൾ മുതലായവ അടങ്ങിയിട്ടുണ്ട്.

### 2. ആദ്യ പ്രീമിയത്തിന്റെ രസീത്

ലഭിച്ച പ്രീമിയത്തിന്റെവിവരങ്ങൾക്കു പുറമേ രസീതിൽ ഫണ്ട് വാല്യൂ, ഫണ്ടുകളിലെ അലോക്കേഷൻ (പ്രൊപ്പോസൽ ഫോമിൽ തിരഞ്ഞെടുത്തിട്ടുള്ള ഫണ്ടുകളുടെ അടിസ്ഥാനത്തിൽ), നികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

### 3. സുപ്രധാന വിവരങ്ങളുടെ ഡോക്കുമെന്റ്

ഈ ഡോക്കുമെന്റിൽ പോളിസി ഹോൾഡർ വാങ്ങിയ പ്രൊഡക്ടിന്റെ സുപ്രധാന സവിശേഷതകളുടെ ചുരുക്കത്തിലുള്ള വിവരണം അടങ്ങിയിരിക്കുന്നു.

### 4. പോളിസി ഷെഡ്യൂൾ

പോളിസി ഷെഡ്യൂൾ പോളിസി ഡോക്കുമെന്റിന്റെ ഒരു സുപ്രധാന ഭാഗമാണ്. ഇതിൽ പോളിസി നമ്പർ, കസ്റ്റമർ ഐഡി, പോളിസി ഹോൾഡറുടെ വ്യക്തിപരമായ വിവരങ്ങൾ, പോളിസിയുമായി ബന്ധപ്പെട്ട സുപ്രധാന തീയതികൾ, പോളിസിയുടെ അടിസ്ഥാന വിവരങ്ങൾ, പോളിസിയുടെ വിശദ വിവരങ്ങൾ, എടുത്തിട്ടുള്ള റൈഡറുകൾ/ഫണ്ടുകൾ (പ്രൊഡക്റ്റ് ഫീച്ചർ അനുസരിച്ച് എടുത്തിട്ടുണ്ടെങ്കിൽ) മുതലായ വിവരങ്ങൾ അടങ്ങിയിരിക്കുന്നു.

### 5. പോളിസി ബുക്ക്‌ലെറ്റ്

കീ ഫീച്ചർ ഡോക്കുമെന്റിനു കീഴിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പോളിസി ബുക്ക്‌ലെറ്റിൽ വിശദമായി കൊടുത്തിട്ടുണ്ട്. കൂടാതെ മറ്റു പ്രസക്തമായ നിബന്ധനകളും വ്യവസ്ഥകളും കൊടുത്തിട്ടുണ്ട്. പോളിസി ഡോക്കുമെന്റിൽ കൊടുത്തിട്ടുള്ള വിവിധ പദങ്ങളുടെ നിർവ്വചനം മനസ്സിലാക്കാനുള്ള എളുപ്പത്തിനു വേണ്ടി വിശദീകരിച്ചിരിക്കുന്നു. ഈ ഡോക്കുമെന്റിൽ പോളിസിക്കു കീഴിൽ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ, പ്രീമിയം അടയ്ക്കൽ നിബന്ധനകൾ, നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചു പ്രീമിയം അടച്ചിട്ടില്ലെങ്കിൽ പോളിസി പുതുക്കുന്നതിനുള്ള ഓപ്ഷൻ, ലഭ്യമായിട്ടുള്ള ഫണ്ടുകളും ഓപ്ഷനുകളും (എടുത്ത പോളിസിയുടെ തരം അനുസരിച്ച്), പോളിസിക്കു കീഴിലുള്ള വിവിധ ചാർജ്ജുകൾ, ക്ലെയിം പ്രക്രിയ, സറണ്ടർ, ടെർമിനേഷൻ എന്നിവ സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും, ഫ്രീ ലുക്ക് ക്യാൻസലേഷൻ ചട്ടം, ആത്മഹത്യ എക്സ്ക്ലൂഷൻ, പോളിസി ലോൺ മുതലായവ കൊടുത്തിട്ടുണ്ട്.

### 6. ഇൻഡെക്സ്

ഇൻഡെക്സ് പേജ് പോളിസി ബുക്ക്‌ലെറ്റിലെ വിവിധ സെക്ഷനുകൾക്കുള്ള ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുന്നു. ഇൻഡെക്സ് നോക്കുന്നതിലൂടെ പോളിസി ബുക്ക്‌ലെറ്റിലെ വിവിധ സെക്ഷനുകളിലൂടെ എളുപ്പത്തിൽ കടന്നുപോകാൻ പോളിസി ഹോൾഡർക്കു സാധിക്കും.

### 7. അനുബന്ധം

അനുബന്ധത്തിൽ ഇൻഷുറൻസ് ആക്റ്റിലെ പോളിസി ഡോക്കുമെന്റിന്റെ കാര്യത്തിൽ പ്രസക്തമായ വിവിധ സെക്ഷനുകൾ അടങ്ങിയിരിക്കുന്നു.

### 8. ഓംബുഡ്സ്മാൻ കേന്ദ്രത്തിന്റെ വിവരങ്ങൾ

ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഇൻഷ്വർ ചെയ്യപ്പെട്ട കസ്റ്റമേഴ്സിന്റെ

സങ്കടങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്നതിനും അവരുടെ സങ്കടങ്ങളുടെ പരിഹാരത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു സംവിധാനമാണ്.



### 9. സുപ്രധാന വ്യക്തിപരമായ വിവരങ്ങൾ

ഈ സെക്ഷനിൽ പാൻ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മുതലായ സുപ്രധാന വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയിരിക്കുന്നു. പോളിസി ഡോക്കുമെന്റ് ലഭിക്കുന്ന ഉടൻ പോളിസി ഹോൾഡർ ഈ വിവരങ്ങൾ പരിശോധിക്കുകയും എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ തിരുത്തുകൾ നടത്തുന്നതിനു വേണ്ടി കഴിയുന്നതും വേഗം അത് ഇൻഷുറൻസ് കമ്പനിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്.

### 10. പ്രൊപ്പോസൽ ഫോമിന്റെയും രേഖകളുടെയും സ്കാൻ ചെയ്ത പകർപ്പുകൾ

സുതാര്യതയ്ക്കു വേണ്ടി കസ്റ്റമർ സമർപ്പിച്ച പ്രൊപ്പോസൽ ഫോമിന്റെയും രേഖകളുടെയും മെഡിക്കൽ റിപ്പോർട്ടിന്റെയും (പോളിസി ഹോൾഡർ വൈദ്യ പരിശോധനയ്ക്കു വിധേയപ്പെട്ടിട്ടുണ്ടെങ്കിൽ) പകർപ്പുകൾ ഭാവിയിൽ പോളിസി ഹോൾഡറുടെ പരിശോധനയ്ക്കു വേണ്ടി ഉള്ളടക്കം ചെയ്തിരിക്കുന്നു.

## ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടൽ

പോളിസി ഹോൾഡർക്ക് വിവിധ രീതികളിലൂടെ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടാൻ സാധിക്കും.

### 1. ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുക:

പോളിസി ഹോൾഡർ നൽകിയിട്ടുള്ള മേൽവിലാസ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവുമടുത്തുള്ള സർവീസ് ബ്രാഞ്ച് പോളിസി ഡോക്കുമെന്റിലുള്ള വെൽക്കം ലെറ്ററിൽ കൊടുത്തിട്ടുണ്ടാകും. അടുത്തുള്ള മറ്റു ബ്രാഞ്ചുകൾ കണ്ടെത്തുന്നതിനു വേണ്ടി കമ്പനിയുടെ വെബ്സൈറ്റിലെ (www.sbilife.co.in) ബ്രാഞ്ച് ലൊക്കേറ്റർ ഉപയോഗിക്കാവുന്നതാണ്. മൊബൈൽ ആപ്ലിക്കേഷനായ ''എസ്ബിഐ ലൈഫ് ഈസി അക്സസ്സ്'' ൽ സമാനമായ ഒരു ബ്രാഞ്ച് ലൊക്കേറ്റർ ലഭ്യമാണ്. ഇത് പ്ലേസ്റ്റോർ/ആപ്പ് സ്റ്റോറിൽ നിന്നും കൂടാതെ എസ്ബിഐ ലൈഫ് വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ''കസ്റ്റമർ സെൽഫ്-സർവീസ് പോർട്ടൽ''ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### 2. കോൾ സെന്ററിലേക്ക് ഒരു കോൾ ചെയ്യുക

പോളിസി ഹോൾഡേഴ്സിന് ആഴ്ചയിൽ 7 ദിവസവും രാവിലെ 9:00 മുതൽ വൈകിട്ട് 9:00 വരെ ടോൾ ഫ്രീ നമ്പർ 1800-267-9090ൽ വിളിക്കാവുന്നതാണ്.

### 3. ഞങ്ങൾക്ക് ഇ-മെയിൽ ചെയ്യുക

പോളിസി ഹോൾഡേഴ്സിന് അവരുടെ ചോദ്യങ്ങളും പരാതികളും പൊതു ഇമെയിൽ ഐഡി info@sbilife.co.in ൽ മെയിൽ ചെയ്യാവുന്നതാണ്.

### 4. ഒരു എസ്എംഎസ് അയയ്ക്കുക

കൂടാതെ, പോളിസി ഹോൾഡേഴ്സിന് 56161 ലേക്ക് "Solve" എന്ന് ഒരു എസ്എംഎസ് അയയ്ക്കാവുന്നതും (നിങ്ങളുടെ മൊബൈൽ പ്ലാൻ പ്രകാരമുള്ള ചാർജ്ജ് ബാധകമാകുന്നതാണ്) 24 മണിക്കൂറിനകം അവർക്ക് ഒരു കോൾ ലഭിക്കുന്നതാണ്. അതല്ലെങ്കിൽ, താഴപ്പെറയുന്നവയ്ക്കു വേണ്ടി നിങ്ങളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിൽ നിന്നും 56161 ലേക്ക് (നിങ്ങളുടെ മൊബൈൽ പ്ലാൻ പ്രകാരമുള്ള ചാർജ്ജ് ബാധകമാകുന്നതാണ്) അല്ലെങ്കിൽ 9250001848 ലേക്ക് ഒരു എസ്എംഎസ് അയയ്ക്കാവുന്നതാണ്.

**എ. റിന്യൂവൽ വിവരങ്ങൾ:** റിന്യൂവൽ തീയതിയും റിന്യൂവൽ പ്രീമിയം തുകയും അറിയുന്നതിന്: എസ്എംഎസ് RENDET (സ്പേസ്) (പോളിസി നമ്പർ)

**ബി. ഫണ്ട് വാല്യു:** നിങ്ങളുടെ പോളിസിയുടെ നിലവിലെ വാല്യു: എസ്എംഎസ് FV (സ്പേസ്) (പോളിസി നമ്പർ)

**സി. പോളിസി സ്റ്റാറ്റസ്:** നിങ്ങളുടെ പോളിസിയുടെ സ്ഥിതി അറിയുന്നതിന്: എസ്എംഎസ് POLSTATUS (സ്പേസ്) (പോളിസി നമ്പർ)

**ഡി. ഫണ്ട് സ്വിച്ച് ഇടപാട് വിവരങ്ങൾ:** ഏറ്റവും പുതിയ ഫണ്ട് സ്വിച്ച് അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന്: എസ്എംഎസ് SWTR (സ്പേസ്) (പോളിസി നമ്പർ)

**ഇ. പോളിസി ഡിസ്പാച്ച് വിവരങ്ങൾ:** നിങ്ങൾ അടുത്ത സമയത്ത് ഒരു പുതിയ പോളിസി വാങ്ങിയെങ്കിൽ (കഴിഞ്ഞ ആറ് മാസത്തിനകം) ഡിസ്പാച്ച് വിവരങ്ങൾ അറിയുന്നതിന്: എസ്എംഎസ് NEWPOL (സ്പേസ്) (പോളിസി നമ്പർ)

**എഫ്. ഇമെയിൽ രജിസ്ട്രേഷൻ:** നിങ്ങളുടെ ഇമെയിൽ ഐഡി അപ്ഡേറ്റ് ചെയ്യുന്നതിന്: എസ്എംഎസ് MYEMAIL (സ്പേസ്) (പോളിസി നമ്പർ) (സ്പേസ്) (പുതിയ ഇമെയിൽ ഐഡി)

**ജി. പാൻ വിവരങ്ങൾ പുതുക്കുന്നതിന്:** നിങ്ങളുടെ പോളിസിയിലുള്ള നിങ്ങളുടെ പാൻ പുതുക്കുന്നതിന്: എസ്എംഎസ് PAN (സ്പേസ്) (പോളിസി നമ്പർ) (സ്പേസ്) (പാൻ നമ്പർ)

**5. ഞങ്ങൾക്ക് എഴുതുക:**

അതല്ലെങ്കിൽ പോളിസി ഹോൾഡർക്ക് അവരുടെ സങ്കടങ്ങൾ എഴുതി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്.

**വിലാസം:**
ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസർ,

**എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്**
**സെൻട്രൽ പ്രൊസസ്സിംഗ് സെന്റർ,**
8-ാം ലവൽ, സീവുഡ്സ് ഗ്രാൻഡ് സെൻട്രൽ, ടവർ 2, പ്ലോട്ട് ന. ആർ-1,
സെക്ടർ-40,
നവി മുംബൈ-400706.

**6. ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക**

പോളിസി ഹോഡേഴ്സിന് ഞങ്ങളുടെ കോർപ്പറേറ്റ് വെബ്സൈറ്റ് (www.sbilife.co.in) സന്ദർശിക്കുകയും വിവിധ ടാബുകൾക്കു കീഴിൽ

ലഭ്യമായിട്ടുള്ള ഓപ്ഷനുകൾ ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. ഒരാൾക്ക് ഇൻഷുറൻസിനെക്കുറിച്ചു പഠിക്കുകയും ഇൻഷുറൻസ് ആവശ്യങ്ങൾ വിലയിരുത്തുകയും വിവിധ ടൂളുകളും കാൽക്കുലേറ്ററുകളും ഉപയോഗിക്കുകയും പൊതുവായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ചെയ്യാവുന്നതാണ്. കൂടാതെ വിവിധ ഇൻഷുറൻസ് പ്രൊഡക്ടുകളും അവയുടെ സവിശേഷതകളും പരിശോധിക്കുവാനും സാധിക്കും. സർവീസസ് സെക്ഷനു കീഴിൽ ഡൗൺലോഡ് ഫോംസ് പോളിസിയുമായി ബന്ധപ്പെട്ട പരിമിത സേവനങ്ങൾ നൽകുന്നതിനു പുറമേ പോളിസിയുമായി ബന്ധപ്പെട്ട സുപ്രധാന പദങ്ങളുടെ അർത്ഥം മനസ്സിലാക്കുവാനും സഹായിക്കും. കസ്റ്റമേഴ്സിനും പോളിസി ഹോൾഡേഴ്സിനും കമ്പനി പ്രൊഫൈൽ കാണുവാനും മെച്ചപ്പെടുത്തൽ സംബന്ധിച്ച അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും. സങ്കട പരിഹാരം സംബന്ധിച്ച നടപടിക്രമങ്ങളും ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറുടെ (ജിആർഒ) വിവരങ്ങളും അടങ്ങിയ ഒരു പ്രത്യേക സെക്ഷൻ ഞങ്ങളുടെ വെബ്സൈറ്റിലുണ്ട്. ഓൺലൈൻ പ്ലാൻസ് സെക്ഷൻ യാതൊരു മദ്ധ്യവർത്തികളുടെയും ഇടപെടലില്ലാതെ ഇൻഷുറൻസ് പ്രൊഡക്ടുകൾ ഓൺലൈനിൽ വാങ്ങാൻ സഹായിക്കുന്നു.

**സങ്കട പരിഹാര പ്രക്രിയ**

പോളിസി ഹോൾഡേഴ്സിന് അവരുടെ സങ്കടങ്ങൾ അഞ്ച് ടച്ച് പോയിന്റുകളിൽ ഏതെങ്കിലും വഴി (ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുക എന്ന തലക്കെട്ടിനു കീഴിൽ കൊടുത്തിരിക്കുന്നു) രജിസ്റ്റർ ചെയ്യാവുന്നതാണ്. ലഭിച്ച പരാതി ഞങ്ങളുടെ കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് (സിആർഎം) മൊഡ്യൂളിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ഒരു യുണീക് റഫറൻസ് നമ്പർ, അതായത് സർവീസ് റിക്വസ്റ്റ് (എസ്ആർ) അതിന് അലോട്ട് ചെയ്യപ്പെടുകയും ചെയ്യും. പരാതി വിശദമായി പരിശോധിക്കപ്പെടുകയും 15 ദിവസത്തിനകം പരിഹാരം നൽകപ്പെടുകയും ചെയ്യും. നൽകപ്പെട്ട പരിഹാരത്തിൽ പോളിസി ഹോൾഡർക്കു തൃപ്തിയില്ലെങ്കിൽ ഇൻഷുറൻസ് കമ്പനിയിൽ പരാതി സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനു ശേഷം ബഹു. ഇൻഷുറൻസ് ഓംബുഡ്സ്മാനെ സമീപിക്കുന്നതിനുള്ള ഓപ്ഷൻ അയാൾക്ക്/അവർക്ക് ലഭ്യമാണ് (പരാതി കമ്പനിയുടെ ആഭ്യന്തര പരാതി പരിഹാര പ്രക്രിയയുടെ വ്യത്യസ്ത ഘട്ടങ്ങളിൽ കിടക്കുകയാണെങ്കിൽ പോലും).

### 7. കസ്റ്റമർ സെൽഫ് സർവീസ് പോർട്ടൽ

നിലവിലുള്ള കസ്റ്റമേഴ്സിന് വെബ്സൈറ്റിന്റെ ലാൻഡിംഗ് പേജിൽ ലഭ്യമായിട്ടുള്ള കസ്റ്റമർ സെൽഫ് സർവീസ് പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.




**കസ്റ്റമർ സെൽഫ് സർവീസ് പോർട്ടലിൽ ധാരാളം സേവനങ്ങൾ ലഭ്യമാണ്.**

**എ.** **മൈ പോളിസി:** നിങ്ങളുടെ എല്ലാ എസ്ബിഐ പോളിസികളും ഒരു സിംഗിൾ വ്യൂവിൽ കാണുക, പ്രീമിയം കലണ്ടറും പോളിസി പേഔട്ട് സ്റ്റാറ്റസും ഉൾപ്പെടെ.

**ബി.** **പോളിസി സ്റ്റേറ്റ്മെന്റുകൾ:** ഓൺലൈൻ പ്രീമിയം പേയ്മെന്റ് രസീത്, പ്രീമിയം പെയ്ഡ് സർട്ടിഫിക്കറ്റ്, ട്രാൻസാക്ഷൻ കം യൂണിറ്റ് സ്റ്റേറ്റ്മെന്റ്, റിന്യൂവൽ പ്രീമിയം രസീത് മുതലായവ ഡൗൺലോഡ് ചെയ്യുക.

**സി.** **ഓൺലൈനിൽ ഇടപാട് നടത്തുക:** നിങ്ങളുടെ പ്രീമിയം അടയ്ക്കുക, പോളിസി ഓൺലൈനിൽ പുതുക്കുക, നിങ്ങളുടെ പോളിസിയുമായി ബന്ധപ്പെട്ട ഫണ്ടുകൾ സ്വിച്ച് അല്ലെങ്കിൽ റീഡയറക്ട് ചെയ്യുക, നിങ്ങളുടെ വിലാസം അല്ലെങ്കിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക.

**ഡി.** **ക്ലെയിംസ് കോർണർ:** നിങ്ങളുടെ ക്ലെയിമുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഫീഡ്ബാക്കും ഉയർത്തുക.

**ഇ.** **ഫോമുകൾ ഡൗൺലോഡ് ചെയ്യുക**

**എഫ്.** **പ്രൊഫൈലുമായി ബന്ധപ്പെട്ടത്:** ഇമെയിൽ ഐഡി, പാൻ നമ്പർ, സമ്പർക്ക നമ്പർ, മറ്റു വ്യക്തിപരമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക.

**ജി.** **ഓട്ടോ പേ ഇൻസ്ട്രക്ഷൻസ് സെറ്റപ്പ് ചെയ്യുക**

**എച്ച്.** **പൊതുവായ ചോദ്യങ്ങളും ഫീഡ്ബാക്കും ഉയർത്തുക.**

**ഐ.** **ഇ-സ്റ്റേറ്റ്മെന്റുകൾക്ക് രജിസ്റ്റർ ചെയ്യുക**

**ജെ.** **പ്രൊഡക്ട് വാല്യൂ സ്റ്റേറ്റ്മെന്റ് നേടുക**

**കെ.** **നിങ്ങളുടെ അഡ്വൈസറുടെ വിവരങ്ങൾ കാണുക**

### 8. വാട്ട്സാപ്പ് ഓപ്റ്റ്-ഇൻ

കസ്റ്റമറുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും നിലവിലുള്ള പോളിസിഹോൾഡേഴ്സിന് സമയാ സമയങ്ങളിൽ ഓർമ്മപ്പെടുത്തലുകളും അറിയിപ്പുകളും നൽകുന്നതിനും വേണ്ടി വാട്ട്സാപ്പ് എസ്ബിഐ ലൈഫ് 24x7 ലഭ്യമാണ്.

ഓപ്റ്റ്-ഇൻ-നു വേണ്ടി കസ്റ്റമേഴ്സിന് അവരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിൽ നിന്നും 9029006575 ലേക്ക് ഒരു മിസ്ഡ് കോൾ നൽകാവുന്നതാണ്.

**എസ്ബിഐ ലൈഫിന്റെ വാട്ട്സാപ്പ് സേവനങ്ങളുടെ മുഖ്യ സവിശേഷതകൾ:**

**എ.** ഉപയോക്താക്കൾക്ക് വാട്ട്സാപ്പ് മെനുവിൽ നിന്നും താഴെപ്പറയുന്ന ഏത് ഓപ്ഷനുകളും തിരഞ്ഞെടുക്കാൻ സാധിക്കും.

**i. പോളിസി സ്റ്റേറ്റ്മെന്റ് -** പ്രീമിയം പെയ്ഡ് സർട്ടിഫിക്കറ്റ് (പിപിസി), ടിഡിഎസ് സർട്ടിഫിക്കറ്റ്

**ii. മറ്റു സേവനങ്ങൾ -** കസ്റ്റമേഴ്സിന് വാട്ട്സാപ്പ് വഴി ഓൺലൈൻ പോളിസികൾ സ്വീകരിക്കാവുന്നതാണ്. താക്കോൽവാക്കുകൾ: റിവൈവൽ/ലാപ്സ്

**iii. ഡെത്ത് ക്ലെയിം അറിയിക്കൽ**

**ബി. പ്രോപ്പോസലിന്റെ സ്ഥിതി അറിയൽ**

**സി.** കസ്റ്റമർ സെൽഫ് സർവീസ് (സിഎസ്എസ്) പോർട്ടലിലും ഓട്ടോ പ്രീമിയം പേയ്മെന്റിനും രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

**ഡി.** പോളിസി സംബന്ധിച്ച എല്ലാ വിവരങ്ങളും നിങ്ങളുടെ വിരൽത്തുമ്പിൽ നേടുക.

**ഇ.** വിവിധങ്ങളായ പ്രൊഡക്ടുകളും സേവനങ്ങളും സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വാട്ട്സാപ്പ് ആർഐഎ-യ്ക്കു സാധിക്കും.

**എഫ്.** വിവിധ സാഹചര്യങ്ങളിൽ വാട്ട്സാപ്പ് പുഷ് നോട്ടിഫിക്കേഷൻ. ഉദാ. പ്രീമിയം അടയ്ക്കുന്നതിനുള്ള ഓർമ്മപ്പെടുത്തലുകൾ മുതലായവ.

### 9. കസ്റ്റമേഴ്സിനുള്ള മൊബൈൽ ആപ്ലിക്കേഷൻ

ഈസി അക്സസ്സ് മൊബൈൽ ആപ്ലിക്കേഷൻ എസ്ബിഐ ലൈഫ് കസ്റ്റമേഴ്സിനു വേണ്ടി വികസിപ്പിച്ചതാണ്. ഇത് റിന്യൂവൽ പ്രീമിയങ്ങൾ അടയ്ക്കുന്നതിനും, വിവിധ ഇൻഷുറൻസ് പ്ലാനുകൾ പരിശോധിക്കുന്നതിനും, പ്രീമിയം കാൽക്കുലേറ്റർ ഉപയോഗിക്കുന്നതിനും, പ്രൊഡക്ടുകൾ ഓൺലൈനിൽ വാങ്ങുന്നതിനും, ഉപയോഗപ്രദമായ ഇൻഷുറൻസുമായി ബന്ധപ്പെട്ട ലിങ്കുകൾ പരിശോധിക്കുന്നതിനും അവരെ അനുവദിക്കുന്നു. ഒരാൾക്ക് **മൈ പോളിസി**യിൽ ലോഗിൻ ചെയ്യുന്നതിലൂടെ അവരുടെ സ്വന്തം പോളിസികൾ പരിശോധിക്കാനും സാധിക്കും. കൂടാതെ പ്രീമിയം അടയ്ക്കുക, സർവീസുമായി ബന്ധപ്പെട്ട ഫോമുകൾ ഡൗൺലോഡ് ചെയ്യുക, വ്യക്തിപരമായ വിവരങ്ങൾ ഇൻഷുറൻസ് കമ്പനിക്കു സമർപ്പിക്കുക, ഇ-സ്റ്റേറ്റ്മെന്റുകൾ ജനറേറ്റ് ചെയ്യുക മുതലായവയും ഈ സെക്ഷൻ അനുവദിക്കുന്നു. ആപ്ലിക്കേഷനിലുള്ള ഒരു പ്രത്യേക സെക്ഷൻ വഴി ചോദ്യങ്ങളും പരാതികളും ഉയർത്താനും പോളിസി ഹോൾഡർക്കു സാധിക്കും.

## നിങ്ങളുടെ പോളിസി പുതുക്കൽ

പോളിസിയിൽ അടയ്ക്കാനുള്ളതായ പ്രീമിയം ഗ്രേസ് പീരീഡിനകം ഇൻഷുറൻസ് കമ്പനിക്കു കിട്ടിക്കഴിയുമ്പോൾ പോളിസി പുതുക്കപ്പെടുകയും സ്റ്റാറ്റസ് ആക്ടീവ് എന്നു കാണിക്കുകയും ചെയ്യും.

റിന്യൂവൽ പ്രീമിയം അടയ്ക്കുന്നതിനു വേണ്ടി പോളിസി ഹോൾഡർക്കു ലഭ്യമായിട്ടുള്ള വിവിധ ഓപ്ഷനുകൾ താഴെ കൊടുത്തിരിക്കുന്നു.

### 1. എസ്ബിഐ ലൈഫ് വെബ്സൈറ്റ്

വെബ്സൈറ്റിലെ സർവീസസ് സെക്ഷനു കീഴിലുള്ള പേ പ്രീമിയം ഓൺലൈൻ ഓപ്ഷൻ വഴി പോളിസി ഹോൾഡേഴ്സിന് നേരിട്ട് പ്രീമിയം അടയ്ക്കാൻ സാധിക്കുന്നതാണ്. കൂടാതെ, വെബ്സൈറ്റിലെ ലാൻഡിംഗ് പേജിൽ ലഭ്യമായിട്ടുള്ള കസ്റ്റമർ സർവീസ് പോർട്ടലിൽ ലോഗിൻ ചെയ്തും പ്രീമിയങ്ങൾ അടയ്ക്കാവുന്നതാണ്.

### 2. ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (ഇഎഫ്ടി)

ഈ ഓപ്ഷൻ വഴി ക്യാഷ് ആയോ (രൂ. 49,999 വരെ) ചെക്ക് ആയോ ഡയറക്ട് ഡെബിറ്റ് ആയോ അടയ്ക്കാവുന്നതാണ്. പ്രീമിയം എസ്ബിജി ബ്രാഞ്ചിൽ നിന്നും ഇഎഫ്ടി വഴി പ്രീമിയം ലഭിക്കേണ്ടിടത്ത് അയയ്ക്കുന്നതാണ്.

### 3. ഡയറക്ട് റെമിറ്റൻസ്

പോളിസി ഹോൾഡർക്ക് ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ചിൽ പോയി ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് വഴി പ്രീമിയം അടയ്ക്കാവുന്നതാണ്.

### 4. നെറ്റ് ബാങ്കിംഗ്

പോളിസി ഹോൾഡർക്ക് എസ്ബിഐയുടെ നെറ്റ് ബാങ്കിംഗ് ഫെസിലിറ്റിയിൽ ഒരു ബില്ലറായി ആഡ് ചെയ്യുന്നതിലൂടെ പ്രീമിയം അടയ്ക്കാവുന്നതാണ്. ആവശ്യമായ വിവരങ്ങൾ നൽകി പേയ്മെന്റ് നടത്തുക.

### 5. എസ്ഐ-ക്രെഡിറ്റ് കാർഡ്

ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള ഓട്ടോ പേയ്മെന്റ്സ് സാദ്ധ്യമാണ്, ഏതെങ്കിലും എസ്ബിഐ ലൈഫ് ബ്രാഞ്ചിൽ ഒരു മാൻഡേറ്റ് ഫോം പൂരിപ്പിച്ചു നൽകുന്നതിലൂടെ.

### 6. ക്യാഷ് റെമിറ്റൻസ് വഴി

രൂ. 49,999 വരെയുള്ള പ്രീമിയം തുക കറൂർ വൈശ്യ ബാങ്ക് (കെവിബി), എപി ഓൺലൈൻ, എംപി ഓൺലൈൻ എന്നിവിടങ്ങളിലും കോമൺ സർവീസ് സെന്ററുകളിലും സ്വീകരിക്കുന്നതാണ്. ഡയറക്ട് ഡെബിറ്റ് കെവിബി ബ്രാഞ്ചുകളിൽ ലഭ്യമാണ്.

### 7. പേയ്മെന്റ് ആപ്ലിക്കേഷനുകൾ വഴി

പേടിഎം, ഗൂഗിൾ പേ, ഫോൺപേ, എസ്ബിഐ യോനോ എന്നിവയിൽ ഇൻഷുറൻസ് സെക്ഷനു കീഴിൽ ഇൻഷുറൻസ് പ്രീമിയം അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ലഭ്യമാണ്.

### 8. മറ്റ് ഇ-വാലറ്റുകൾ വഴി

താഴെപ്പറയുന്ന ഇ-വാലറ്റുകൾ വഴിയും പ്രീമിയം അടയ്ക്കാൻ സാധിക്കും: പേടിഎം, ഗൂഗിൾ പേ, ഫോൺപേ, ആമസോൺ പേ, റിലയൻസ് ജിയോ മണി, എയർടെൽ മണി, മൊബിക്വിക്ക്, ഓക്സിജൻ വാലറ്റ്.

### 9. എസ്ബിഐ മൊബൈൽ ബാങ്കിംഗ്

പോളിസി ഹോൾഡർക്ക് ഡിഡി/ചെക്ക് വഴി 90 ദിവസം മുമ്പ് പ്രീമിയം അടയ്ക്കുന്നതിനു തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇത് അതേ സാമ്പത്തിക വർഷത്തിലേക്കുള്ള പ്രീമിയം ആയിരിക്കണം.

ഓൺലൈൻ പ്രീമിയം പേയ്മെന്റ് 30 ദിവസം മുമ്പു മാത്രമേ അടയ്ക്കുവാൻ സാധിക്കുകയുള്ളു (പരമ്പരാഗത പ്രതിമാസ രീതി പോളിസികൾക്ക് 15 ദിവസം മുമ്പ്).

**ദയവായി ശ്രദ്ധിക്കുക:**
1. മുൻകൂട്ടി അടയ്ക്കുന്ന പ്രീമിയം പേയ്മെന്റുകൾക്ക് യാതൊരു പലിശയും നൽകുന്നതല്ല.
2. പ്രീമിയം രസീതും പ്രീമിയം പെയ്ഡ് സർട്ടിഫിക്കറ്റും പ്രീമിയം അതിന്റെ അടയ്ക്കാനുള്ള തീയതിയിൽ വരവു വച്ചതിനു ശേഷം മാത്രം നൽകുന്നതാണ്.

**നിങ്ങളുടെ പ്രീമിയം പെയ്ഡ് സർട്ടിഫിക്കറ്റ് നേടുക: 022-27599904 ൽ ഒരു മിസ്ഡ് കോൾ നൽകുക**

## പോളിസിയുമായി ബന്ധപ്പെട്ട സേവനങ്ങൾ

പോളിസി കാലാവധിയുടെ അവസാനം വരെയുള്ള പോളിസിയുടെ ആയുഷ്ക്കാലത്ത് പോളിസി ഹോൾഡർക്ക് ഇൻഷുറൻസ് കമ്പനിയിൽ നിന്നും പല സേവനങ്ങളും ലഭിക്കേണ്ട സന്ദർഭങ്ങളുണ്ടാകും. ഇവ സാമ്പത്തിക സ്വഭാവമുള്ളതോ തിരഞ്ഞെടുത്തിരിക്കുന്ന ഇൻഷുറൻസ് പ്രൊഡക്ടിന്റെ അടിസ്ഥാനത്തിൽ മറ്റു പലതുമോ ആകാം.

### എ. സാമ്പത്തിക സേവനങ്ങൾ

### എ. ഫ്രീ ലുക്ക് ക്യാൻസലേഷൻ (എഫ്എൽസി)

ക്ലോസ് 10 ഐആർഡിഎഐ (പോളിസി ഹോൾഡറുടെ താൽപ്പര്യം സംരക്ഷിക്കൽ) റെഗുലേഷൻ 2017 അനുസരിച്ച്, ഡിസ്റ്റൻസ് മാർക്കറ്റിംഗ് ചാനൽ വഴി എടുത്ത പോളിസികളും ഇലക്ട്രോണിക് പോളിസികളും ഒഴികെയുള്ളവയ്ക്ക് 15 ദിവസത്തെയും, ഡിസ്റ്റൻസ് മാർക്കറ്റിംഗ് ചാനൽ വഴി എടുത്ത പോളിസികൾക്കും ഇലക്ട്രോണിക് പോളിസികൾക്കും 30 ദിവസത്തെയും ഫ്രീ ലുക്ക് പീരീഡ് ലഭ്യമാണ്. ഈ സമയത്തിനകം പോളിസി ഹോൾഡർക്ക് പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അവലോകനം ചെയ്യുവാൻ സാധിക്കും. പോളിസിയുടെ നിബന്ധനകളോടും വ്യവസ്ഥകളോടും പോളിസി ഹോൾഡർക്ക് വിയോജിപ്പു തോന്നുകയും പോളിസി ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എങ്കിൽ, ക്യാൻസലേഷനുള്ള കാരണങ്ങൾ രേഖാമൂലം അറിയിച്ചുകൊണ്ട് പോളിസി ക്യാൻസലേഷനു വേണ്ടി പോളിസി തിരികെ നൽകാൻ അയാൾക്ക്/അവർക്ക് സാധിക്കുന്നതാണ്.

ഇടയ്ക്കുള്ള അവധി ദിവസങ്ങളും പ്രവൃത്തി ദിവസങ്ങളല്ലാത്ത ദിവസങ്ങളും ഫ്രീ ലുക്ക് പീരീഡിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല.

നിങ്ങളുടെ യൂലിപ്പ് പോളിസികളുടെ നിലവിലെ ഫണ്ട് വാല്യൂ അറിയുന്നതിന് രജിസ്റ്റേർഡ് മൊബൈൽ നമ്പരിൽ നിന്നും 022-27599904 ൽ ഒരു മിസ്ഡ് കോൾ നൽകുക അല്ലെങ്കിൽ എസ്എംഎസ് അയയ്ക്കുക
FV (സ്പേസ്) (പോളിസി നമ്പർ) 56161 ലേക്ക് അല്ലെങ്കിൽ
9250001848 ലേക്ക്.

പോളിസി ഹോൾഡർ ഫ്രീ ലുക്ക് പീരീഡിനുള്ളിൽ പോളിസി തിരികെ നൽകുകയാണെങ്കിൽ, വൈദ്യ പരിശോധന, സ്റ്റാമ്പ് ഡ്യൂട്ടി ചാർജ്ജുകൾ, ബാധകമായ നികുതികൾ ഒപ്പം/അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപരമായ ലെവി/ഡ്യൂട്ടി/സർചാർജ്ജ് മുതലായ ചെലവുകൾ കിഴിച്ചതിനു ശേഷമുള്ള പ്രീമിയം തുക ഇൻഷുറൻസ് കമ്പനിയിൽ നിന്നും തിരികെ ലഭിക്കുന്നതിന് അയാൾക്ക് അവകാശമുണ്ടായിരിക്കും. പരിരക്ഷ നൽകിയ സമയത്തിനുള്ള ആനുപാതിക റിസ്ക് പ്രീമിയവും ബാധകമായ നികുതികൾ ഒപ്പം/അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപരമായ ലെവി/ഡ്യൂട്ടി/സർചാർജ്ജ് മുതലായവയും കിഴിക്കുന്നതാണ്.

യൂലിപ്പ് പോളിസികൾക്ക് പോളിസിയുടെ ഫണ്ട് അന്നേ തീയതിയിലെ വാല്യു താഴെപ്പറയുന്നവ സഹിതം നൽകുന്നതാണ്

പ്രീമിയം അലോക്കേഷൻ ചാർജ്ജുകൾ

പോളിസി അഡ്മിനിസ്ട്രേഷൻ ചാർജ്ജുകൾ, ഉണ്ടെങ്കിൽ

മോർട്ടലിറ്റി ചാർജ്ജുകൾ

ആക്സിഡന്റൽ ഡെത്ത് ബെനിഫിറ്റ് ചാർജ്ജുകൾ, ഉണ്ടെങ്കിൽ

അതാതിനു ബാധകമാകുന്ന നികുതികൾ

കൂടാതെ, വൈദ്യപരിശോധന ചെലവുകൾ (ഉണ്ടെങ്കിൽ), സ്റ്റാമ്പ് ഡ്യൂട്ടി ചാർജ്ജുകൾ, ആനുപാതിക റിസ്ക് പ്രീമിയം എന്നിവയും അതാതിനു ബാധകമാകുന്ന നികുതികളും കിഴിക്കുന്നതാണ്.

തർക്കങ്ങൾ ഉടലെടുക്കുകയാണെങ്കിൽ വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഡെലിവറി തീയതി അല്ലെങ്കിൽ ഇന്ത്യ പോസ്റ്റ് അഥവാ ബ്ലൂ ഡാർട്ട് സ്ഥിരീകരിച്ച തീയതിയെ പോളിസി ഹോൾഡർക്ക് പോളിസി ഡോക്കുമെന്റ് ലഭിച്ച തീയതിയായി പരിഗണിക്കുന്നതാണ്.

ഡെലിവറി വൈകിയതിനുള്ള തെളിവായി പോളിസി ഹോൾഡർ സമർപ്പിക്കുന്ന മറ്റേതെങ്കിലും രേഖകൾ അപൂർവ്വം സാഹചര്യങ്ങളിൽ മാത്രം അധികാരികളുടെ പൂർണ്ണ വിവേചന പ്രകാരം സ്വീകരിക്കുന്നതാണ്.

ക്യാൻസലേഷനു വേണ്ടി പോളിസി ഹോൾഡർ ഒറിജിനൽ പോളിസി ഡോക്കുമെന്റും ഒറിജിനൽ ഫസ്റ്റ് പ്രീമിയം രസീതും (പോളിസി ഡോക്കുമെന്റിനൊപ്പം ലഭ്യമാണ്) തിരികെ നൽകേണ്ടതാണ്.

ഒരു ഡെഫേർഡ് പെൻഷൻ പോളിസിയിൽ നിന്നുള്ള വെസ്റ്റിംഗ് തുക അല്ലെങ്കിൽ എൻപിഎസിൽ ശേഖരിക്കപ്പെട്ട തുക ഉപയോഗിച്ചു വാങ്ങിയ ആന്വിറ്റി + പെൻഷൻ പ്രൊഡക്ടുകൾക്ക് ഫ്രീ ലുക്ക് ക്യാൻസലേഷൻ തുക പോളിസി ഹോൾഡർക്കു നൽകുന്നതല്ല. എഫ്എൽസി റീഫണ്ട് കസ്റ്റമർ തിരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും ആന്വിറ്റി പ്രൊവൈഡർക്കു നൽകുന്നതാണ്. അത് ഒറ്റത്തുകയായി അവകാശപ്പെടാൻ സാധിക്കുന്നതല്ല.

**ബി. ഫണ്ടുകളുടെ ഭാഗികമായ പിൻവലിക്കൽ**

യോഗ്യതയുള്ള എല്ലാ യുലിപ്പ്, വേരിയബിൾ ഇൻഷുറൻസ് പോളിസി ഹോൾഡേഴ്സിനും അവരുടെ ഫണ്ട് വാല്യുവിന്റെ ഒരു ഭാഗം പോളിസിയുടെ

നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പിൻവലിക്കാൻ അനുവദിക്കുന്ന ഒരു സംവിധാനമാണ് ഭാഗികമായ പിൻവലിക്കൽ. ഇത് പോളിസി ക്ലോസ് ചെയ്യാതെ പോളിസി ഹോൾഡറുടെ സാമ്പത്തിക ആവശ്യങ്ങൾ (പ്ലാൻ ചെയ്യതോ/അല്ലാത്തതോ ആയ ഭാവി ആവശ്യങ്ങൾ) പൂർത്തീകരിക്കുവാൻ സഹായിക്കുന്നു. ഈ സൗകര്യം പോളിസി തുടങ്ങിയ തീയതി മുതൽ അഞ്ചു വർഷം വരെയുള്ള ലോക്ക്-ഇൻ കാലാവധിക്കു ശേഷവും പോളിസി പ്രാബല്യത്തിലുണ്ടെങ്കിലും മാത്രം ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പിൻവലിക്കാവുന്ന പരമാവധി തുകയും തവണകളും ഓരോ പ്രൊഡക്ടിനും വ്യത്യസ്തമായിരിക്കും. ചില പ്രത്യേക എണ്ണത്തിലുള്ള പിൻവലിക്കലുകൾ ഇൻഷുറൻസ് കമ്പനി സൗജന്യമായി അനുവദിക്കുന്നതാണ്.

ഭാഗികമായ പിൻവലിക്കലുകൾ നടത്തുന്നത് ഓരോ ഫണ്ടിൽ നിന്നും അനുയോജ്യമായ എണ്ണത്തിലുള്ള യൂണിറ്റുകൾ വിൽക്കുന്നതിലൂടെയാണ്. ഭാഗികമായി പിൻവലിക്കുന്ന തുക കമ്പനി ഭാഗികമായ പിൻവലിക്കലിനുള്ള ചാർജ്ജും (ബാധകമെങ്കിൽ) ടിഡിഎസും കിഴിക്കുന്നതിനു വിധേയമാണ്. ഇത് പിൻവലിച്ച തുക നൽകുന്ന സമയത്ത് ഈടാക്കുന്നതാണ്. ഭാഗികമായ പിൻവലിക്കൽ നടത്തിക്കഴിയുമ്പോൾ ഫണ്ട് വാല്യു അതിനനുസരണമായി കുറയുന്നതാണ്.

മെച്യൂരിറ്റി അല്ലെങ്കിൽ ഡെത്ത് ബെനിഫിറ്റുകൾ സ്വീകരിക്കുന്നതിനു വേണ്ടി സെറ്റിൽമെന്റ് ഓപ്ഷൻ സ്വീകരിച്ചിട്ടുള്ള പോളിസികളിൽ സെറ്റിൽമെന്റ് കാലയളവിൽ ഭാഗികമായ പിൻവലിക്കൽ നടത്താൻ സാധിക്കുന്നതല്ല.

ഈ ഓപ്ഷൻ ഉപയോഗിക്കുമ്പോൾ പോളിസി ഹോൾഡർ ഒറിജിനൽ പോളിസി ഡോക്കുമെന്റ് സമർപ്പിക്കേണ്ടത് ആവശ്യമാണ്. ഡോക്കുമെന്റിനൊപ്പം പോളിസി ഹോൾഡർ പൂരിപ്പിച്ച് ഒപ്പു വച്ച ഒരു ഡയറക്ട് ക്രെഡിറ്റ് മാൻഡേറ്റും പേര് അച്ചടിച്ചിട്ടുള്ള ഒരു ക്യാൻസൽഡ് ചെക്കും കസ്റ്റമറെ അറിയുന്നതിനുള്ള രേഖകളുടെ (കെവൈസി) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും (വയസ്സ്, തിരിച്ചറിയൽ, മേൽവിലാസ രേഖകൾ) ഉണ്ടായിരിക്കണം.

**സി. പോളിസി സറണ്ടർ ചെയ്യൽ**

പോളിസി കാലാവധിയിൽ ഏതു സമയത്തും പോളിസി ഹോൾഡർക്ക് പോളിസി സറണ്ടർ ചെയ്യാൻ തീരുമാനിക്കാം (നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി). സറണ്ടർ എന്നാൽ പോളിസി കാലാവധി തീരുന്നതിനു മുമ്പ് പോളിസി ഹോൾഡർ സ്വമേധയാ കോൺട്രാക്ട് അവസാനിപ്പിക്കലാണ്. സറണ്ടർ ചെയ്യുന്നത് പോളിസിയുടെ ലോക്ക്-ഇൻ കാലാവധിക്കു മുമ്പാണെങ്കിൽ ലോക്ക്-ഇൻ കാലാവധിക്കു ശേഷം മാത്രം പോളിസി ഹോൾഡർക്ക് സറണ്ടർ വാല്യു ലഭിക്കുന്നതാണ്. കമ്പനിക്ക് സറണ്ടർ അപേക്ഷ ലഭിക്കുന്നത് ലോക്ക്-ഇൻ കാലാവധിക്കു ശേഷമാണെങ്കിൽ സറണ്ടർ വാല്യു ഉടൻതന്നെ നൽകുന്നതാണ്.

യൂലിപ്പ് പോളിസികൾക്കു നൽകപ്പെടുന്ന സറണ്ടർ വാല്യു സറണ്ടർ ചെയ്യുന്ന തീയതിയിലെ ഫണ്ട് വാല്യുവിൽ നിന്നും സറണ്ടർ ചാർജ്ജുകൾ കിഴിച്ചതിനു ശേഷമുള്ള തുകയായിരിക്കും. ഫണ്ട് വാല്യു പോളിസിക്കു കീഴിലുള്ള വിവിധ ഫണ്ടുകളുടെ നിലവിലുള്ള യൂണിറ്റുകളുടെ സറണ്ടർ തീയതിയിലെ എൻഎവി ആയിരിക്കും.

നോൺ-യൂലിപ്പ് പോളിസികൾക്ക്, ഗ്യാരണ്ടീഡ് സറണ്ടർ വാല്യു (ജിഎസ്വി), സ്പെഷ്യൽ സറണ്ടർ വാല്യു (എസ്എസ്വി) എന്നിവ കണക്കു കൂട്ടുകയും രണ്ടിലും ഏതാണോ കൂടുതലുള്ളത് അതു നൽകുകയും ചെയ്യും.

ഭാഗികമായ പിൻവലിക്കലുകൾക്കും പോളിസികളുടെ സറണ്ടറിനുമുള്ള അപേക്ഷകൾ അവ സമർപ്പിക്കുന്ന ദിവസം വൈകിട്ട് 3 മണിക്കു മുമ്പ് എസ്ബിഐ ലൈഫിൽ നൽകിയിരിക്കേണ്ടതാണ്. ആഴ്ച ദിവസങ്ങളിൽ വൈകിട്ട് 3 മണിക്കു മുമ്പു ലഭിക്കുന്ന അപേക്ഷകൾക്ക് അന്നേ ദിവസത്തെ ക്ലോസിംഗ് എൻഎവി ബാധകമാകുന്നതാണ്. 3 മണിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾക്ക് മാർക്കറ്റ് പ്രവർത്തിക്കുന്ന അടുത്ത ദിവസത്തെ ക്ലോസിംഗ് എൻഎവി ബാധകമാകുന്നതാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോളിസി ഹോൾഡർക്കു നൽകേണ്ട ഫണ്ട് വാല്യു തീരുമാനിക്കുന്നതിനു വേണ്ടി എൻഎവി ഉപയോഗിക്കുന്നതാണ്.

പൊതുവിൽ, എല്ലാ സാമ്പത്തിക സേവനങ്ങൾക്കും പോളിസി ഹോൾഡേഴ്സ് ഒറിജിനൽ പോളിസി ഡോക്കുമെന്റ് സഹിതം ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് സന്ദർശിക്കുകയും ആവശ്യമായ ഫോമുകൾ പൂരിപ്പിക്കുകയും ബാങ്ക് അക്കൗണ്ട് രേഖകൾ സമർപ്പിക്കുകയും വേണം.

**ഡി. പോളിസിയുടെ ഈടിന്മേൽ വായ്പ**

ചില ട്രഡീഷണൽ പ്രൊഡക്റ്റുകളിൽ പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പോളിസി ഹോൾഡർക്ക് പോളിസിയുടെ ഈടിന്മേൽ വായ്പ എടുക്കാൻ സാധിക്കും. പോളിസി സറണ്ടർ വാല്യു ആർജ്ജിച്ചിട്ടുണ്ടെങ്കിലും പോളിസി പ്രാബല്യത്തിലുണ്ടെങ്കിലും മാത്രം ഇതു സാധിക്കുന്നതാണ്. എടുക്കാവുന്ന ഏറ്റവും കുറഞ്ഞതും കൂടിയതുമായ വായ്പത്തുകയുടെ വിവരവും പലിശ നിരക്കും പോളിസിയുടെ നിബന്ധനകളിലും വ്യവസ്ഥകളിലും കൊടുത്തിട്ടുണ്ട്.

**ബി. സാമ്പത്തികേതര സേവനങ്ങൾ**

താഴെ കൊടുത്തിരിക്കന്ന ഭൂരിപക്ഷം സാമ്പത്തികേതര സേവനങ്ങൾക്കും വേണ്ടി പോളിസി ഹോൾഡർ ബന്ധപ്പെട്ട രേഖകൾ സഹിതം ഏറ്റവുമടുത്തുള്ള

എസ്ബിഐ ലൈഫ് സന്ദർശിക്കുകയും ആവശ്യമായ ഫോമുകൾ പൂരിപ്പിക്കുകയും സമർപ്പിക്കുകയും വേണം.

**എ. പോളിസിയുടെ അസൈൻമെന്റ്**

ഇൻഷുറൻസ് ആക്ട്, 1938ന്റെ സെക്ഷൻ 38 അനുസരിച്ച്, പോളിസിയുടെ അസൈൻമെന്റിൽ ഒരു ലൈഫ് ഇൻഷുറൻസ് പോളിസിക്കു കീഴിലുള്ള പ്രയോജനങ്ങൾ അസന്നിഗ്ദ്ധമായോ നിബന്ധനകൾക്കു വിധേയമായോ അസൈനറിൽ നിന്നും അസൈനിയിലേക്കു കൈമാറുന്നത് ഉൾപ്പെടുന്നു. പോളിസി പൂർണ്ണമായോ ഭാഗികമായോ അസൈൻ ചെയ്യാവുന്നതാണ്. എന്നാൽ, പോളിസിക്കു പോളിസിക്കു കീഴിൽ അവശേഷിക്കുന്ന തുക പിന്നീട് അസൈൻ ചെയ്യാനോ കൈമാറ്റം ചെയ്യാനോ പോളിസി ഹോൾഡർക്കു സാധിക്കുന്നതല്ല.

അടിസ്ഥാനപരമായി രണ്ടു തരം അസൈൻമെന്റുകളുണ്ട്:

**എ. 1. അബ്സൊല്യൂട്ട് അസൈൻമെന്റ്:** അബ്സൊല്യൂട്ട് അസൈൻമെന്റ് എന്നാൽ പോളിസിക്കു കീഴിലുള്ള എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും അസൈനറിൽ നിന്നും അസൈനിയിലേക്കു കൈമാറുകയാണ്.

ഉദാഹരണം:

- അനുവദിച്ച ഒരു വായ്പയ്ക്ക് അല്ലെങ്കിൽ അഡ്വാൻസിനു പകരമായി ഒരു ബാങ്കിന്/ധനകാര്യ സ്ഥാപനത്തിന് അസൈൻ ചെയ്യുക.
- രക്തബന്ധത്തിലുള്ള ഒരാൾക്ക് സമ്മാനമെന്ന നിലയിൽ പോളിസി അസൈൻ ചെയ്യുക.

**എ. 2. കണ്ടീഷണൽ അസൈൻമെന്റ്:** കണ്ടീഷണൽ അസൈൻമെന്റ് എന്നാൽ ചില പ്രത്യേക നിബന്ധനകൾക്കു വിധേയമായി പോളിസിക്കു കീഴിലുള്ള അവകാശങ്ങൾ അസൈനറിൽ നിന്നും അസൈനിയിലേക്കു കൈമാറുകയാണ്. ഇതു നടത്തുന്നത് ഒരു പ്രത്യേക കാലാവധിയിലേക്കു മാത്രമാണ്. നിബന്ധനകൾ പൂർത്തിയാക്കിക്കഴിയുമ്പോൾ പോളിസിക്കു കീഴിലുള്ള അവകാശങ്ങൾ യഥാർത്ഥ ഉടമയിലേക്ക്, അതായത് അസൈനറിലേക്ക് സ്വമേധയാ തിരികെ ചേരും. എന്നാൽ, നിബന്ധനകൾ അസൈനറുടെ ഇഷ്ടത്തെ ആശ്രയിച്ചിരിക്കാൻ പാടില്ല.

കണ്ടീഷണൽ അസൈനികൾക്ക് പോളിസിയുടെ ഈടിന്മേൽ വായ്പ എടുക്കുവാനോ പോളിസി സറണ്ടർ ചെയ്യുവാനോ അവകാശമുണ്ടായിരിക്കില്ല.

**റീഅസൈൻമെന്റ് :** റീഅസൈൻമെന്റ് എന്നാൽ ലൈഫ് ഇൻഷുറൻസ്

പോളിസിക്കു കീഴിലുള്ള എല്ലാആനുകൂല്യങ്ങളും അവകാശങ്ങളും യഥാർത്ഥ പോളിസി ഹോൾഡർക്കു തിരികെ നൽകുകയാണ്.

**ബി. ഡ്യൂപ്ലിക്കേറ്റ് പോളിസി ബോണ്ട് അപേക്ഷിക്കൽ**

പ്രൊപ്പോസൽ സ്വീകരിക്കപ്പെടുകയുംപോളിസി ഇഷ്യൂ ചെയ്യപ്പെടുകയും ചെയ്തതിനു ശേഷവും പോളിസി ഹോൾഡർക്ക് പോളിസി ഡോക്കുമെന്റിന്റെ ഫിസിക്കൽ കോപ്പി ലഭിക്കാതെ വരുന്ന സന്ദർഭങ്ങളുണ്ടാകാം. അല്ലെങ്കിൽ പോളിസി ബോണ്ട് നഷ്ടപ്പെടുകയോ ശരിപ്പെടുത്താൻ സാധിക്കാത്ത തരത്തിൽ കേടുപറ്റുകയോ ചെയ്യാം.

അത്തരം സന്ദർഭങ്ങളിൽ പോളിസി ഹോൾഡർക്ക് പോളിസി ബോണ്ടിന്റെ ഡ്യൂപ്ലിക്കേറ്റിനു വേണ്ടി അപേക്ഷിക്കാം. പ്രിന്റിംഗ് ചാർജ്ജുകളും സ്റ്റാമ്പ് ഡ്യൂട്ടിയും ഉൾപ്പെടെയുള്ള ചെറിയ ചാർജ്ജ് ഈടാക്കിയതിനു ശേഷം ഡ്യൂപ്ലിക്കേറ്റ് പോളിസി ബോണ്ട് ഇഷ്യൂ ചെയ്യുന്നതാണ്.

സമർപ്പിക്കേണ്ട രേഖകൾ:

1. ഡ്യൂപ്ലിക്കേറ്റ് പോളിസി ചോദ്യാവലി

2. ഇൻഡെമ്നിറ്റി ബോണ്ട്, ശരിയായി നോട്ടറൈസ് ചെയ്തതും ഇൻഡെമ്നിറ്റി തയ്യാറാക്കിയ സംസ്ഥാനത്തിന് അനുയോജ്യമായ വാല്യുവിൽ നടപ്പിലാക്കിയതും.

3. ഇൻഡെമ്നിറ്റി ബോണ്ടിൽ സമീപ കാലത്തെ സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോഗ്രാഫ് ഒട്ടിച്ചിരിക്കണം.

4. സ്വയം സാക്ഷ്യപ്പെടുത്തിയ വയസ്സ്, തിരിച്ചറിയൽ, മേൽവിലാസ രേഖകൾ (കെവൈസി രേഖകൾ)

5. പോളിസി തയ്യാറാക്കുന്നതിനുള്ള ചാർജ്ജുകൾക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ചെക്കും പ്രൊഡക്ടിന്റെ ഫീച്ചറുകൾ അനുസരിച്ച് അനുയോജ്യമായ തുകയ്ക്കുള്ള ഇൻഷുറൻസ് സ്റ്റാമ്പ് ഫീസും (വിശദ വിവരങ്ങൾ എസ്ബിഐ ലൈഫ് ബ്രാഞ്ച് ഉദ്യോഗസ്ഥൻ/ഐഎ/സിഐഎഫ്-ൽ നിന്നും ലഭിക്കും).

6. മുകളിൽ പറഞ്ഞ ആവശ്യകതകൾക്കു പുറമേ പോളിസിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന്.

എ) പഴയ പ്രീമിയം രസീതുകൾ (6 മാസത്തിനകമുള്ളത്)

ബി) എസ്ബിഐ ലൈഫ് പ്രീമിയത്തിലേക്കു ഡെബിറ്റ് ചെയ്തതായി കാണിക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ കോപ്പി.

അല്ലെങ്കിൽ

സി) എസ്ബിഐ ലൈഫിൽ നിന്നും കസ്റ്റമർക്കു ലഭിച്ച ഏതെങ്കിലും ആശയവിനിമയം.

7. സം അഷ്വേർഡ് രൂ. 5 ലക്ഷത്തിനു മുകളിലുള്ള പോളിസികളിൽ മേല്പറഞ്ഞ നിർബന്ധിത ആവശ്യകതകൾക്കു പുറമേ താഴെ കൊടുത്തിരിക്കുന്ന അധിക ആവശ്യകതകളും ഉണ്ടായിരിക്കും:

എ) ഇൻഡെമ്നിറ്റിയുടെ ഭാഗമായി നല്ല സാമ്പത്തിക ശേഷിയുള്ള ഒരാളുടെ ജാമ്യം സമർപ്പിക്കേണ്ടതാണ്. ജാമ്യക്കാരന്റെ കെവൈസി രേഖകളും സമർപ്പിക്കണം.

അല്ലെങ്കിൽ

ബി) പ്രാദേശിക വർത്തമാന പത്രത്തിൽ പരസ്യം നൽകുകയും 30 ദിവസത്തെ കാത്തിരിപ്പു കാലാവധി പൂർത്തിയായതിനു ശേഷം പത്രത്തിന്റെ പേരും പ്രസിദ്ധീകരിച്ച തീയതിയും അടങ്ങിയ പേപ്പർ കട്ടിംഗ് സഹിതം അപേക്ഷിക്കുക.

ആവശ്യമായ രേഖകളുമായി പോളിസി ഹോൾഡർ ബ്രാഞ്ച് സന്ദർശിക്കേണ്ടത് നിർബന്ധമാണ്.

**സി. സമ്പർക്ക വിവരങ്ങൾ പുതുക്കൽ**

പോളിസി ഹോൾഡർക്ക് അയാളുടെ ഇൻഷുറൻസ് പോളിസികളുമായി ബന്ധപ്പെട്ട തപാൽ വിലാസം, ഇമെയിൽ ഐഡി, സമ്പർക്ക നമ്പരുകൾ ഏതു സമയത്തും പുതുക്കാൻ സാധിക്കുന്നതാണ്.

മേൽവിലാസത്തിൽ മാറ്റം വരുത്തുന്നതിന് പോളിസി ഹോൾഡർക്ക് ഓൺലൈനിൽ കസ്റ്റമർ പോർട്ടലിൽ (മൈ പോളിസി) ലോഗിൻ ചെയ്യുകയും അഡ്രസ്സ് ചെയ്ഞ്ച് ഓപ്ഷൻ സെലക്ട് ചെയ്യുകയും മേൽവിലാസം മാറ്റുകയും മേൽവിലാസത്തിനുള്ള രേഖ അറ്റാച്ച് ചെയ്യുകയും ചെയ്യാവുന്നതാണ്. അതല്ലെങ്കിൽ, ആവശ്യമായ രേഖകളുമായി ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിച്ചും മേൽവിലാസം പുതുക്കാവുന്നതാണ്. വിലാസം പുതുക്കിയതിനു ശേഷം വിലാസത്തിൽ മാറ്റമുണ്ടായതിനുള്ള ഒരു സ്ഥിരീകരണം പഴയ വിലാസത്തിലേക്കും പുതിയ വിലാസത്തിലേക്കും അയയ്ക്കുന്നതാണ്.

ഇമെയിൽ ഐഡി ഓൺലൈനിൽ കസ്റ്റമർ സെർഫ് സർവീസ് പോർട്ടൽ (മൈ പോളിസി) വഴിയോ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുന്നതു വഴിയോ പുതുക്കാവുന്നതാണ്. സുരക്ഷാ കാരണങ്ങളാൽ

സമ്പർക്ക നമ്പർ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുന്നതു വഴി മാത്രമേ പുതുക്കാൻ സാധിക്കുകയുള്ളൂ. ബ്രാഞ്ച് സന്ദർശിക്കുമ്പോൾ സ്ഥിരീകരണത്തിനു വേണ്ടി കസ്റ്റമർ അയാളുടെ കെവൈസി രേഖകൾ ഒപ്പം കൊണ്ടുവരേണ്ടതാണ്.

**ഡി. നോമിനി വിവരങ്ങൾ പുതുക്കൽ**

**ഇൻഷുറൻസ് പോളിസിക്ക് നോമിനേഷൻ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം:**

നോമിനേഷൻ നടത്തുന്നതിലൂടെ തന്റെ മരണശേഷം അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയോ നിയമ നടപടികളുടെയോ ബുദ്ധിമുട്ടു കൂടാതെ എളുപ്പത്തിൽ ഡെത്ത് ക്ലെയിം സെറ്റിൽമെന്റ് നടക്കുന്നു എന്നുറപ്പു വരുത്താൻ പോളിസി ഹോൾഡർക്കു സാധിക്കും. പോളിസി വാങ്ങുന്ന സമയത്തോ പോളിസി അവസാനിക്കുന്നതിനു മുമ്പ് ഏതെങ്കിലും സമയത്തോ നോമിനേഷൻ നടത്തുവാൻ സാധിക്കും. ഇൻഷുറൻസ് ആക്റ്റ്, 1938ന്റെ സെക്ഷൻ 39നു കീഴിൽ ഒരു പോളിസി ഹോൾഡർക്ക് തന്റെ മരണം സംഭവിക്കുന്ന പക്ഷം പോളിസിക്കു കീഴിലുള്ള തുക വാങ്ങുന്നതിനു വേണ്ടി അയാളുടെ പേരിലുള്ള ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയിൽ ഒരു വ്യക്തിയെയോ ഒന്നിലധികം വ്യക്തികളെയോ നോമിനേറ്റ് ചെയ്യാൻ സാധിക്കും.

നോമിനി മൈനറാണെങ്കിൽ (18 വയസ്സിൽ താഴെയുള്ള ആളാണെങ്കിൽ), നോമിനിക്ക് 18 വയസ്സു പൂർത്തിയാകുന്നതിനു മുമ്പ് ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തി മരിക്കുകയാണെങ്കിൽ പോളിസിയുടെ തുക കൈപ്പറ്റുന്നതിനു വേണ്ടി മറ്റൊരു വ്യക്തിയെ (അപ്പോയിന്റി എന്നു വിളിക്കുന്നു) നിയമിക്കേണ്ടതാണ്. അപ്പോയിന്റി ഒരു മേജർ വ്യക്തിയും ഒരു ഉടമ്പടിയിൽ ഏർപ്പെടാൻ യോഗ്യതയുള്ള ആളും (നിലവിലുള്ള നിയമം അനുസരിച്ച്) മൈനറായ നോമിനിയുടെ അടുത്ത ബന്ധുവാണെങ്കിൽ ഉത്തമവും ആയിരിക്കും.

നോമിനേഷനിലെ മാറ്റം പോളിസിയുടെ എൻഡോഴ്സ്മെന്റ് ആവശ്യപ്പെടുന്നതിനാൽ, ബ്രാഞ്ച് സന്ദർശിക്കുമ്പോൾ പോളിസി ഡോക്കുമെന്റ് ഒപ്പം കൊണ്ടുവരുന്നത് നന്നായിരിക്കും.

**ഇ. ഫണ്ട് സ്വിച്ചും ഫണ്ടുകളുടെ റീഡയറക്ഷനും**

സ്വിച്ചിംഗ് എന്നാൽ പോളിസിയിൽ നിലവിലുള്ള ഫണ്ടിൽ ശേഖരിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകളിൽ ചിലതോ എല്ലാമോ വേറെ ഒന്നോ അതിലധികമോ ഫണ്ടുകളിലേക്ക് സ്വിച്ച് നടത്തുന്ന തീയതിയിൽ നിലവിലുള്ള വിലയിൽ മാറ്റുന്നതിന് പോളിസി ഹോൾഡർക്കു സാധിക്കുന്ന ഒരു ഓപ്ഷനാണ്. സ്വിച്ച് അപേക്ഷ തുകയിലോ ശതമാനത്തിലോ ആകാം. സ്വിച്ച് ചെയ്യാവുന്ന കുറഞ്ഞ തുകയും പരമാവധി തുകയും പ്രൊഡക്റ്റിന്റെ സവിശേഷതകളെ

ആശ്രയിച്ചിരിക്കും. ഒടിപി സർവീസ് ഉപയോഗിച്ച് ഇത് ഓൺലൈനിൽ ചെയ്യാൻ സാധിക്കും. അതല്ലെങ്കിൽ, വൈകിട്ട് 3 മണിക്കു മുമ്പ് (മാർക്കറ്റ് പ്രവർത്തിക്കുന്ന പ്രവൃത്തി ദിവസത്തിൽ) ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ചിൽ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. 3 മണിക്കു ശേഷമാണ് അപേക്ഷ ലഭിക്കുന്നതെങ്കിൽ അത് അടുത്ത പ്രവൃത്തി ദിവസം നടപ്പിലാക്കുന്നതാണ്. യൂണിറ്റുകളുടെ അലോക്കേഷൻ അപേക്ഷ നടപ്പിലാക്കപ്പെടുന്ന തീയതിയിലെ എൻഎവി അനുസരിച്ചായിരിക്കും. ഒരു പ്രത്യേക എണ്ണത്തിലുള്ള സ്വിച്ചുകൾ സൗജന്യമാണെങ്കിലും നിർദ്ദിഷ്ട എണ്ണം കവിഞ്ഞാൻ ഒരു ഫീസ് ഈടാക്കുന്നതാണ്.

സ്വിച്ചിംഗിൽ നിന്നു വ്യത്യസ്തമായി പോളിസി ഹോൾഡർക്ക് ഭാവി പ്രീമിയങ്ങളുടെ അലോക്കേഷൻ ശതമാനങ്ങൾ മാറ്റുവാൻ സാധിക്കും. ഇതിനു വേണ്ടി പ്രീമിയം അടയ്ക്കേണ്ട തീയതിക്കു ചില നിർദ്ദിഷ്ട ദിവസങ്ങൾക്കു മുമ്പ് ഒരു റീഡയറക്ഷൻ അപേക്ഷ നൽകേണ്ടതാണ്. റീഡയറക്ഷൻ നിലവിലുള്ള യൂണിറ്റുകളെ ബാധിക്കുകയില്ല. പോളിസി പ്രാബല്യത്തിലുണ്ടെങ്കിൽ മാത്രം ഇതു നടത്താൻ സാധിക്കുന്നതാണ്. റീഡയറക്ഷൻ അപേക്ഷ നൽകുന്നതിനു വേണ്ടി പോളിസി ഹോൾഡർ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കേണ്ടതാണ്. അസൈൻ ചെയ്തിട്ടുള്ള പോളിസികളിൽ റീഡയറക്ഷൻ അപേക്ഷ അസൈനി തന്നെ ഒപ്പു വയ്ക്കേണ്ടതാണ്. എന്നാൽ പ്രീമിയം അടയ്ക്കൽ അസൈനിയിൽ നിന്നോ അസൈനറിൽ നിന്നോ സ്വീകരിക്കുന്നതാണ്.



### എഫ്. പോളിസി റിവൈവൽ

പോളിസിക്കു കീഴിൽ പ്രീമിയം അടയ്ക്കേണ്ട തീയതിക്കു മുമ്പോ ഗ്രേസ് പീരീഡിനകമോ പോളിസി ഹോൾഡർ പ്രീമിയം അടച്ചു കൊണ്ടിരിക്കുകയാണെങ്കിൽ (എൽപിപിടി, റെഗുലർ പ്രീമിയം ഓപ്ഷനുകൾക്കു കീഴിൽ) പോളിസി ലാപ്സാകുകയില്ല. ഗ്രേസ് പീരീഡിനു ശേഷവും പ്രീമിയം അടയ്ക്കാതിരുന്നാൽ മാത്രം പോളിസി ലാപ്സാകുന്നതാണ്. അതിനു ശേഷം ഒരു നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ കുടിശ്ശികയുള്ള പ്രീമിയം അടയ്ക്കുന്നതിലൂടെ പോളിസിയുടെ സ്റ്റാറ്റസ് ആക്ടീവ് ആക്കുന്നതിനുള്ള ഒരു ഓപ്ഷൻ ഇൻഷുറൻസ് കമ്പനി പോളിസി ഹോൾഡർക്കു നൽകുന്നുണ്ട്. ഈ പ്രക്രിയയെ പോളിസി റിവൈവൽ എന്നും കാലയളവിനെ റിവൈവൽ കാലാവധി എന്നും വിളിക്കുന്നു.

റിവൈവൽ കാലാവധി തിരഞ്ഞെടുത്ത ഇൻഷുറൻസ് പ്രൊഡക്ടിനനുസരിച്ചു വ്യത്യസ്തമായിരിക്കും. ഇത് പോളിസി ഡോക്കുമെന്റിലുള്ള കീ ഫീച്ചർ ഡോക്കുമെന്റിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടാകും.

വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ഓപ്ഷൻ ഉപയോഗിച്ച് പോളിസി ഹോൾഡർക്ക് ഓൺലൈനിൽ പോളിസി റിവൈവൽ ചെയ്യാൻ സാധിക്കും. അതല്ലെങ്കിൽ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് വഴിയും ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കും.

സാധാരണയായി, പോളിസി റിവൈവൽ ചെയ്യേണ്ടതുണ്ടെങ്കിൽ പ്രീമിയം അടയ്ക്കാതിരുന്ന കാലയളവിലേക്കുള്ള പലിശ പോളിസി ഹോൾഡർ അടയ്ക്കേണ്ടി വരും. കൂടാതെ നല്ല ആരോഗ്യത്തിനുള്ള ഒരു സത്യവാങ്മൂലവും പ്രീമിയം അടയ്ക്കുന്ന സമയത്തു സമർപ്പിക്കണം. നല്ല ആരോഗ്യത്തിനുള്ള സത്യവാങ്മൂലം നൽകുന്നത് ഇൻഷ്വർ ചെയ്യപ്പെയാളിനു വേണ്ടിയാണ്. ചില സന്ദർഭങ്ങളിൽ പ്രായത്തെയും സം അഷ്വേർഡിനെയും ആധാരമാക്കി ഇൻഷ്വർ ചെയ്യപ്പെയാൾ മെഡിക്കൽ ടെസ്റ്റുകൾക്കു വിധേയപ്പെടേണ്ടതായി വന്നേക്കാം.

പോളിസി റിവൈവൽ ചെയ്തു കഴിഞ്ഞാൽ പോളിസി റിവൈവൽ ചെയ്ത വിവരം സ്ഥിരീകരിച്ചു കൊണ്ട് പോളിസി ഹോൾഡർ രജിസ്റ്റേർഡ് വിലാസത്തിൽ കത്ത് അയയ്ക്കുന്നതാണ്.

യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പോളിസികളുടെ കാര്യത്തിൽ, റിവൈവൽ കാലാവധിക്കകം പോളിസി റിവൈവൽ ചെയ്യാതിരുന്നാൽ റിവൈവൽ കാലാവധിയുടെ അല്ലെങ്കിൽ ലോക്ക്-ഇൻ കാലാവധിയുടെ ഒടുവിൽ, ഏതാണോ അവസാനം വരുന്നത്, പോളിസി നിർത്തലാക്കപ്പെടുന്നതാണ്. റിവൈവൽ കാലാവധിക്കു മുമ്പ് പോളിസി കാലാവധി അവസാനിക്കുകയാണെങ്കിൽ പോളിസി കാലാവധിയുടെ ഒടുവിൽ പോളിസി നിർത്തലാക്കപ്പെടുന്നതാണ്.

നോൺ-യൂലിപ്പ് പോളിസികളുടെ കാര്യത്തിൽ, റിവൈവൽ കാലാവധിക്കകം പോളിസി റിവൈവൽ ചെയ്യാതിരുന്നാൽ റിവൈവൽ കാലാവധിയുടെ ഒടുവിൽ പോളിസി തുടരുകയും പോളിസി പെയ്ഡ്-അപ്പ് വാല്യു ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അത് പോളിസി കാലാവധിയുടെ അവസാനം വരെ അത് പെയ്ഡ്-അപ്പ് പോളിസിയായി തുടരുകയും ചെയ്യും. പോളിസി പെയ്ഡ്-അപ്പ് വാല്യു ആർജ്ജിച്ചിട്ടില്ലെങ്കിൽ അത് യാതൊരു ആനുകൂല്യങ്ങളുമില്ലാതെ ലാപ്സാകുന്നതാണ്.

**ജി. പേരിൽ മാറ്റം വരുത്തൽ**

പോളിസി ഹോൾഡർക്ക് പേരിൽ തിരുത്തൽ വരുത്തുകയോ പേര് മാറ്റുകയോ ചെയ്യാൻ സാധിക്കും (വിവാഹത്തിനു ശേഷം പേരിൽ മാറ്റം വരുന്നതു പോലുള്ള സാഹചര്യത്തിൽ). ഇതിനു വേണ്ടി പോളിസി ഹോൾഡർ ബന്ധപ്പെട്ട രേഖകളുമായി എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുകയും അതിനു വേണ്ടിയുള്ള ഫോം പൂരിപ്പിച്ചു നൽകുകയും ചെയ്യേണ്ടതാണ്.

**എച്ച്. ഒപ്പിലെ മാറ്റം**

വിവിധ സർവീസിംഗ് അപേക്ഷകളുടെ പ്രൊസസ്സിംഗിന്റെ കാര്യത്തിൽ പോളിസി ഹോൾഡറുടെ ഒപ്പ് ഏറ്റവും പ്രധാനപ്പെട്ട ഒരു രേഖയാണ്. പോളിസി ഹോൾഡറിൽ നിന്നും ലഭിക്കുന്ന ഏത് അപേക്ഷയും വെരിഫൈ ചെയ്യുന്നതിന് ഒപ്പിന്റെ വെരിഫിക്കേഷൻ നിർബന്ധമാണ്. ഒപ്പിൽ മാറ്റമുണ്ടെങ്കിൽ പോളിസി ഹോൾഡർ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുകയും

കമ്പനിയുടെ രേഖകളിൽ ഒപ്പ് പുതുക്കുകയും ചെയ്യേണ്ടതാണ്.

**ഐ. പോളിസി ഡീമറ്റീരിയലൈസ്/റീമറ്റീരിയലൈസ് ചെയ്യുക**

ഇൻഷുറൻസ് പോളിസികളുടെ ഡീമറ്റീരിയലൈസേഷൻ എന്നാൽ ഇൻഷുറൻസ് പോളിസികളുടെ ഹോൾഡിംഗ് ഇലക്ട്രോണിക് രീതിയിൽ ആക്കുക എന്നതാണ്. ഡീമറ്റീരിയലൈസേഷന്റെ ഉദ്ദേശ്യത്തിനു വേണ്ടി പോളിസി ഹോൾഡർ താഴെ കൊടുത്തിരിക്കുന്ന നാല് ഇൻഷുറൻസ് റിപ്പോസിറ്ററികളിൽ ഒന്നിൽ അതാത് വെബ്സൈറ്റുകൾ സന്ദർശിച്ചോ ബ്രാഞ്ചുകൾ സന്ദർശിച്ചോ ശരിയായി പൂരിപ്പിച്ച ഫോം ഏതെങ്കിലും ഇൻഷുറർക്കു നൽകിയോ ഒരു ഇ-ഇൻഷുറൻസ് അക്കൗണ്ട് (ഇ-ഐഎ) തുറക്കേണ്ടതാണ്.

1. എൻഎസ്ഡിഎൽ ഡേറ്റാബേസ് മാനേജ്മെന്റ് ലിമിറ്റഡ്
2. സെൻട്രൽ ഇൻഷുറൻസ് റിപ്പോസിറ്ററി ലിമിറ്റഡ്
3. സിഎഎംഎസ് ഇൻഷുറൻസ് റിപ്പോസിറ്ററി ലിമിറ്റഡ്
4. കാർവി ഇൻഷുറൻസ് റിപ്പോസിറ്ററി ലിമിറ്റഡ്

ഇ-ഐഎ തുറന്നതിനു ശേഷം പോളിസി ഹോൾഡർക്ക് ഡീമറ്റീരിയലൈസേഷനു വേണ്ടിയുള്ള ഫോം ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്.

പോളിസി ഡീമറ്റീരിയലൈസ് ചെയ്തുകഴിഞ്ഞാൽ ഭാവിയിലെ ഇൻഷുറൻസ് ആവശ്യങ്ങൾക്കു വേണ്ടി പോളിസി ഹോൾഡർ പോളിസി ഡോക്കുമെന്റിന്റെ ഹാർഡ് കോപ്പി സമർപ്പിക്കേണ്ടതില്ല, പോളിസി അസൈൻ ചെയ്യേണ്ട അവസരത്തിലൊഴികെ.

ഉദാഹരണത്തിന്: ബാങ്കിൽ നിന്നും എടുത്ത ലോണിനു വേണ്ടി പോളിസി ബാങ്കിന് അസൈൻ ചെയ്യേണ്ടതുണ്ടെങ്കിൽ, പോളിസി ഹോൾഡർ റീമറ്റീയിലൈസേഷനു വേണ്ടിയുള്ള ഒരു അപേക്ഷ ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. പോളിസി ഡോക്കുമെന്റിന്റെ ഹാർഡ് കോപ്പി ലഭിച്ചതിനു ശേഷം അത് അസൈൻമെന്റ് പ്രക്രിയയ്ക്കു വേണ്ടി സമർപ്പിക്കാവുന്നതാണ്.

## ക്ലെയിമുകളുടെ സെറ്റിൽമെന്റ്

വിവിധ സർവലൈഫ് ഇൻഷുറൻസ് പ്രൊഡക്റ്റുകൾ പോളിസി കാലാവധിയിൽ ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മരണം, മാരക രോഗം, അംഗവൈകല്യം മുതലായ നിർഭാഗ്യകരമായ ഏതെങ്കിലും സംഭവം അഭിമുഖീകരിക്കുമ്പോൾ ഉറപ്പായ ഒരു തുക വാഗ്ദാനം ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ ഗുണഭോക്താവ്/നോമിനി/നിയമാനുസൃത അനന്തരാവകാശി/ഇൻഷ്വർ ചെയ്യപ്പെട്ടയാൾ സ്വയം പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഇൻഷുറൻസ് കമ്പനിയെ സമീപിക്കുന്നു.

### 1. ഡെത്ത് ക്ലെയിം

പോളിസി കാലാവധിയിൽ ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മരിക്കുകയും പോളിസി പ്രാബല്യത്തിലിരിക്കുകയും ചെയ്യുന്നു എങ്കിൽ ഗുണഭോക്താവിന്/നോമിനിക്ക് ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ച് സന്ദർശിക്കുകയും രേഖാമൂലമുള്ള ഒരു അറിയിപ്പും മരണത്തിനുള്ള രേഖയും ഗുണഭോക്താവിന്റെ/നോമിനിയുടെ തിരിച്ചറിയിൽ രേഖയും ഒറിജിനൽ പോളിസി ഡോക്കുമെന്റ് ലഭ്യമാണെങ്കിൽ അതും സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. അറിയിപ്പിനു ശേഷം ക്ലെയിം ഐഡി ജനറേറ്റ് ചെയ്യപ്പെടുകയും സെറ്റിൽമെന്റ് വരെ ക്ലെയിം അപേക്ഷ പിന്തുടരുന്നതിനു വേണ്ടി അത് ഉപയോഗിക്കപ്പെടുകയും ചെയ്യുന്നതാണ്.

### 2. റൈഡർ ക്ലെയിം

പോളിസി എടുക്കുന്ന സമയത്ത് പോളിസി ഹോൾഡർ അഡീഷണൽ റൈഡറുകൾ എടുത്തിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ ചില റൈഡറുകൾ ഇൻഷുറൻസ് പ്രൊഡക്റ്റിന്റെ ഇൻബിൽട്ട് ഭാഗമായിരിക്കുന്നു എങ്കിൽ, നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഏറ്റവുമടുത്തുള്ള എസ്ബിഐ ലൈഫ് ബ്രാഞ്ചിനെ സമീപിച്ച് റൈഡർ ക്ലെയിം നടത്താവുന്നതാണ്.

### 3. മെച്യൂരിറ്റി ആനുകൂല്യങ്ങൾ

പോളിസി കാലാവധി പൂർത്തിയാകുമ്പോൾ പോളിസി ഹോൾഡർക്കു നൽകുന്ന ആനുകൂല്യങ്ങളെ മെച്യൂരിറ്റി ആനുകൂല്യങ്ങൾ എന്നു വിളിക്കുന്നു. കാലാവധി പൂർത്തിയാകുന്ന തീയതിക്കു മുമ്പ് പോളിസി ഹോൾഡർ പേഔട്ട് നൽകുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കേണ്ടതാണ്. അതിനു വേണ്ടി ഇൻഷുറൻസ് കമ്പനി അറിയിപ്പ് അയയ്ക്കുന്നതാണ്. പേഔട്ട് തുക ഒരുമിച്ചോ പോളിസി ബുക്ക്‌ലെറ്റിൽ കൊടുത്തിരിക്കുന്ന രീതിയിൽ സെറ്റിൽമെന്റ് ഓപ്ഷൻ അനുസരിച്ചോ നൽകുന്നതാണ്.

**4. സർവൈവൽ ആനുകൂല്യങ്ങൾ**

ചില ഇൻഷുറൻസ് പ്രൊഡക്ടുകൾ അവയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പോളിസി കാലാവധിയിൽ പതിവായി പേഔട്ടുകൾ നൽകാറുണ്ട്. അത്തരം പേഔട്ടുകളെ സർവൈവൽ ആനുകൂല്യങ്ങൾ എന്നു വിളിക്കുന്നു. കെവൈസി രേഖകളും ബാങ്ക് അക്കൗണ്ട് രേഖകളും നേരത്തേ സമർപ്പിച്ചിട്ടില്ലെങ്കിൽ അവ സമർപ്പിക്കുന്നതിനായി പോളിസിഹോൾഡേഴ്സിനെ വിളിച്ചേക്കാവുന്നതാണ്.

**5. ആന്വിറ്റി പേഔട്ടുകൾ**

ആന്വിറ്റി എന്നാൽ ആന്വിറ്റന്റിന്റെ (ആന്വിറ്റി പ്ലാൻ എടുക്കുന്ന വ്യക്തി) ജീവിത കാലത്ത്, മരണം വരെയോ പ്രൊഡക്ട് വാങ്ങുന്ന സമയത്ത് ആന്വിറ്റന്റ് തിരഞ്ഞെടുത്തിരിക്കുന്ന ഒരു നിശ്ചിത സമയത്തേക്കോ പതിവായ ഇടവേളകളിൽ പേയ്മെന്റുകൾ നൽകുന്നതിന് ഇൻഷുറൻസ് കമ്പനി നടത്തുന്ന ഒരു എഗ്രിമെന്റാണ്. ആന്വിറ്റികൾ പല രീതികളിൽ നൽകപ്പെടുന്നു. ഉദാഹരണത്തിന്, ആന്വിറ്റി ഫൊർ ലൈഫ്, ജോയിന്റ് ലൈഫ് ആന്വിറ്റി, ആന്വിറ്റി വിത് റിട്ടേൺ ഓഫ് കോർപ്പസ് മുതലായവ.

അടിസ്ഥാനപരമായി രണ്ടു തരം ആന്വിറ്റികളുണ്ട്.

**എ. ഡെഫേർഡ് ആന്വിറ്റികൾ:**
ഡെഫേർഡ് ആന്വിറ്റിയിൽ, ഒരു സമാഹരണ ഘട്ടവും ഡെഫർമെന്റ് കാലയളവും ഉണ്ട്. ഇത് വെസ്റ്റിംഗ് പ്രായം വരെ ആയിരിക്കും. ഈ സമയത്ത് ആന്വിറ്റന്റ് പതിവായി പ്രീമിയം അടയ്ക്കുകയും അത് പലിശ സഹിതം സമാഹരിക്കപ്പെടുകയും ചെയ്യുന്നു. വെസ്റ്റിംഗ് പ്രായത്തിൽ സമാഹരിക്കപ്പെട്ട തുക ആന്വിറ്റി പ്ലാൻ വാങ്ങുന്നതിനു വേണ്ടി ഉപയോഗിക്കുന്നു. തിരഞ്ഞെടുത്തിട്ടുള്ള രീതി അനുസരിച്ച് വെസ്റ്റിംഗ് പ്രായത്തിൽ പെൻഷൻ/ആന്വിറ്റി (ഇൻകം പ്ലാൻ) ആരംഭിക്കുന്നു.

**ബി. ഇമ്മീഡിയറ്റ് ആന്വിറ്റികൾ:**
ആന്വിറ്റിക്കു വേണ്ടി പ്രൊപ്പോസർ ഒരു ലംപ്സം തുക അല്ലെങ്കിൽ സിംഗിൾ പ്രീമിയം അടയ്ക്കുന്നു. തിരഞ്ഞെടുത്തിട്ടുള്ള രീതി അനുസരിച്ച് ഇത് പ്രീമിയം അടച്ചതിനു ശേഷം ഉടൻതന്നെ ആരംഭിക്കുന്നു.

ആന്വിറ്റന്റുകൾ അവർ തിരഞ്ഞെടുത്തിട്ടുള്ള ആന്വിറ്റി അനുസരിച്ച് അവർക്ക് തുടർച്ചയായി ആന്വിറ്റി പേഔട്ടുകൾ ലഭിക്കുന്നതിനു വേണ്ടി സർട്ടിഫിക്കറ്റ് ഓഫ് എക്സിസ്റ്റൻസ് ഇൻഷുറൻസ് കമ്പനിക്കു സമർപ്പിക്കേണ്ടതാണ്.

## പദസംഗ്രഹം

**നല്ല ആരോഗ്യത്തിനുള്ള സത്യവാങ്മൂലം:** ഇത് പോളിസി ഹോൾഡർ അയാളുടെ/അവരുടെ നല്ല ആരോഗ്യത്തെക്കുറിച്ചു നടത്തുന്ന സത്യവാങ്മൂലമാണ്. പോളിസി ഹോൾഡർ വൈദ്യപരമായ നല്ല നിലയിലാണോ എന്നും ഏതെങ്കിലും വൈദ്യ ചികിത്സകളൊന്നും സ്വീകരിച്ചിട്ടില്ലെന്നും പോളിസി ലാപ്സായ കാലയളവിൽ ഹാനികരമായ ജോലികളിലൊന്നും ഏർപ്പെട്ടിട്ടില്ലെന്നും കൂടി ഈ സത്യവാങ്മൂലം നിജപ്പെടുത്തുന്നു. നടത്തുന്ന സത്യവാങ്മൂലങ്ങളുടെ അടിസ്ഥാനത്തിൽ പോളിസി പുനരുജ്ജീവിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കപ്പെടുന്നതാണ്.

**ഫ്രീ ലുക്ക് ക്യാൻസലേഷൻ:** വാങ്ങിയ ഇൻഷുറൻസ് പ്രൊഡക്റ്റിന്റെ കാര്യത്തിൽ പോളിസി ഹോൾഡർക്ക് സംതൃപ്തിയില്ലെങ്കിൽ പോളിസി ക്യാൻസൽ ചെയ്യുന്നതിന് അയാൾക്ക്/അവർക്ക് നൽകിയിരിക്കുന്ന ഓപ്ഷൻ (നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി).

**ഫണ്ട് വാല്യൂ:** ഫണ്ട് വാല്യുവിനെ പോളിസി വാല്യു എന്നും വിളിക്കുന്നു. ഇത് ഒരു യൂണിറ്റ് ലിങ്ക്ഡ് അല്ലെങ്കിൽ വേരിയബിൾ പോളിസിയിൽ നിങ്ങൾ അടച്ച സംഭാവനകളുടെ നിലവിലെ വാല്യൂ ആണ്.

ഫണ്ട് വാല്യൂ = (യൂണിറ്റുകളുടെ എണ്ണം X നെറ്റ് അസ്സറ്റ് വാല്യൂ)

**ഗ്രേസ് പീരീഡ്:** പ്രീമിയം അടയ്ക്കേണ്ടതായ തീയതിക്കു ശേഷം പ്രീമിയം അടയ്ക്കുവാനും പോളിസിക്കു കീഴിലുള്ള ആനുകൂല്യങ്ങൾ തുടരുവാനും സാധിക്കുന്ന കാലയളവിനെ ഗ്രേസ് പീരീഡ് എന്നു വിളിക്കുന്നു. തിരഞ്ഞെടുത്തിരിക്കുന്ന പ്രീമിയം അടയ്ക്കൽ രീതി അനുസരിച്ച് ഗ്രേസ് പീരീഡ് വ്യത്യസ്തമായിരിക്കും. പ്രതിമാസ പോളിസികൾക്ക് ഗ്രേസ് പീരീഡ് പ്രീമിയം അടയ്ക്കേണ്ട തീയതി മുതൽ 15 ദിവസമാണ്. ബാക്കിയെല്ലാ രീതികൾക്കും ഗ്രേസ് പീരീഡ് പ്രീമിയം അടയ്ക്കേണ്ട തീയതി മുതൽ 30 ദിവസമാണ്.

**ഗ്യാരണ്ടീഡ് സറണ്ടർ വാല്യൂ (ജിഎസ്വി):** എല്ലാ ട്രഡീഷണൽ പോളിസികളുടെയും നിബന്ധനകളിലും വ്യവസ്ഥകളിലും ജിഎസ്വി നിർവ്വചിച്ചിട്ടുണ്ടാകും. അത് പ്രൊഡക്റ്റിനു കീഴിൽ നൽകുന്ന ഏറ്റവും കുറഞ്ഞ സറണ്ടർ വാല്യുവിനെ പ്രതിനിധീകരിക്കുന്നു.

**ഇൻ-ഫോഴ്സ് സ്റ്റാറ്റസ്:** അടയ്ക്കേണ്ടതായ എല്ലാ പ്രീമിയങ്ങളും അതാതത് സമയങ്ങളിൽ പതിവായി അടച്ചിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ അന്നേ തീയതി വരെ പൂർണ്ണമായി അടച്ചിട്ടുണ്ടെങ്കിലുള്ള പോളിസിയുടെ അവസ്ഥ.

**ലൈഫ് അഷ്വേർഡ് (ഇൻഷ്വേർഡ്):** ലൈഫ് അഷ്വേർഡ് എന്നാൽ ലൈഫ് ഇൻഷുറൻസ് കമ്പനിയിൽ ജീവിതം ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിയാണ്. ലൈഫ് അഷ്വേർഡ് പോളിസി കാലാവധിയിൽ മരിക്കുകയാണെങ്കിൽ പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും

പദസംഗ്രഹം

പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നോമിനിക്ക് ഡെത്ത് ബെനിഫിറ്റ് നൽകപ്പെടുന്നു.

**ലോക്ക്-ഇൻ പീരീഡ്:** ലോക്ക്-ഇൻ പീരീഡ് എന്നാൽ പോളിസി തുടങ്ങുന്ന തീയതി മുതൽ അഞ്ചു വർഷം പൂർത്തിയാകുന്ന കാലയളവാണ്. ഈ സമയത്ത് ഡിസ്ക്കണ്ടിന്യൂഡ് ആയ പോളിസികളുടെ തുകകൾ പോളിസി ഹോൾഡർക്കു നൽകാൻ ഇൻഷുറൻസ് കമ്പനിക്ക് സാധിക്കുകയില്ല. മരണം അല്ലെങ്കിൽ പോളിസിക്കു കീഴിൽ പരിരക്ഷ നൽകിയിട്ടുള്ള മറ്റേതെങ്കിലും ആകസ്മിക സംഭവം ഉണ്ടാകുന്ന സാഹചര്യത്തിലൊഴികെ.

**എൻഎവി:** യൂണിറ്റ് ലിങ്ക്ഡ് പോളിസികളിൽ, പോളിസി ഹോൾഡർ തിരഞ്ഞെടുക്കുന്ന ഫണ്ടിൽ പ്രീമിയം നിക്ഷേപിക്കപ്പെടുന്നു. ഫണ്ടിന് അതുമായി ബന്ധപ്പെട്ട ഒരു പ്രത്യേക വാല്യു ഉണ്ട്. ഇതിനെ നെറ്റ് അസ്സറ്റ് വാല്യു (എൻഎവി) എന്നു വിളിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, എൻഎവി എന്നാൽ ഒരു പ്രത്യേക ദിവസത്തിൽ ഫണ്ടിന്റെ ഓരോ യൂണിറ്റിന്റെയും വാല്യു ആണ്.

**പെയ്ഡ്-അപ്പ് തീയതി:** പോളിസി ഹോൾഡേഴ്സിന് പോളിസി ഷെഡ്യൂളിൽ/ഡോക്കുമെന്റിൽ കൊടുത്തിരിക്കുന്ന പ്രീമിയം അടയ്ക്കാൻ കഴിയാതിരിക്കുമ്പോൾ പോളിസി ക്യാൻസൽ ആകുകയില്ല. അടച്ചിട്ടുള്ള പ്രീമിയങ്ങളുടെ എണ്ണത്തിന് ആനുപാതികമായി സം അഷ്വേർഡ് കുറയ്ക്കപ്പെടുന്നു. ഇതിനെ പെയ്ഡ്-അപ്പ് വാല്യു എന്നു വിളിക്കുന്നു. പോളിസി ഡോക്കുമെന്റിൽ കൊടുത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പെയ്ഡ്-അപ്പ് വാല്യു ബാധകമാകുന്നതാണ്.

**റൈഡർ:** പോളിസി ഹോൾഡേഴ്സ് കൂടുതൽ ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്ന ആഡ്-ഓൺ ഓപ്ഷനുകളെ റൈഡറുകൾ എന്നു വിളിക്കുന്നു. ഈ ആനുകൂല്യം പോളിസിയുടെ ബേസിക് ഡെത്ത് ബെനിഫിറ്റിനു പുറമേയുള്ളതാണ്.

**സ്പെഷ്യൽ സറണ്ടർ വാല്യു:** ട്രഡീഷണൽ പോളിസികൾക്ക് കമ്പനി സ്പെഷ്യൽ സറണ്ടർ വാല്യു (എസ്എസ്വി) എന്നു വിളിക്കുന്ന കുറെക്കൂടി ഉദാരമായ സറണ്ടർ വാല്യു നൽകുന്നു.

**യൂലിപ്പ്:** സ്റ്റോക്ക്-മാർക്കറ്റുമായി ലിങ്ക് ചെയ്തിട്ടുള്ള ഇൻഷുറൻസ് പ്ലാനുകളെ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾ (യൂലിപ്പുകൾ) എന്നു വിളിക്കുന്നു. യൂലിപ്പുകൾ നിക്ഷേപത്തിന്റെയും പരിരക്ഷയുടെയും കോമ്പിനേഷനും പ്രീമിയങ്ങൾ എങ്ങനെ നിക്ഷേപിക്കണമെന്ന കാര്യത്തിൽ പോളിസി ഹോൾഡർക്കു വിപുലമായ ചോയ്സും പ്രദാനം ചെയ്യുന്നു.

യൂണിറ്റുകൾ: ഇത് ഒരു യൂണിറ്റ് ലിങ്ക്ഡ് പോളിസിയിലെ ഫണ്ടിന്റെ ഒരു ഘടകമാണ്.

(**നിരാകരണം:** ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് ലൈഫ് ഇൻഷുറൻസിനെക്കുറിച്ച് പൊതുവായ അറിവു നൽകുന്നതിനു വേണ്ടി മാത്രമാണ്. ഇത് പൂർണ്ണമായ വിവരങ്ങളല്ല. ഇവിടെ കൊടുത്തിരിക്കുന്ന യാതൊരു വിവരങ്ങളും ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയുടെ നിബന്ധനകളെയും വ്യവസ്ഥകളെയും മാറ്റുകയോ അസ്ഥിരമാക്കുകയോ ചെയ്യുന്നില്ല. ഇത് ഒരു ബോധവൽക്കരണം സംരംഭം മാതമാണ്, എന്തെങ്കിലും നിയമപരമായ ഉപദേശം നൽകുവാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നില്ല.)

**വ്യക്തിപരമായ കുറിപ്പുകൾ**

പോളിസി നമ്പർ :.................................................................................................

സം അഷ്വേർഡ് :.................................................................................................

പ്രീമിയം തുക :.................................................................................................

പ്രീമിയം അടയ്ക്കേണ്ട തീയതി :...................................................................................

ആക്ടീവ് ആൾട്ടർനേറ്റ് പേയ്മെന്റ് രീതി :.....................................................................

.................................................................................................................................

മെച്യൂരിറ്റി തീയതി :..........................................................................................

പോളിസി നമ്പർ :.................................................................................................

സം അഷ്വേർഡ് :.................................................................................................

പ്രീമിയം തുക :.................................................................................................

പ്രീമിയം അടയ്ക്കേണ്ട തീയതി :...................................................................................

ആക്ടീവ് ആൾട്ടർനേറ്റ് പേയ്മെന്റ് രീതി :.....................................................................

മെച്യൂരിറ്റി തീയതി :..........................................................................................

ഇൻഷുറൻസ് മദ്ധ്യവർത്തിയുടെ വിവരങ്ങൾ

പേര് :..........................................................................................

സമ്പർക്ക നമ്പർ :......................................................................

പേര് :..........................................................................................

സമ്പർക്ക നമ്പർ :......................................................................

പേര് :..........................................................................................

സമ്പർക്ക നമ്പർ :......................................................................

# എന്റെ കുറിപ്പുകൾ

SBI Life
INSURANCE
With Us, You're Sure

www.sbilife.co.in

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക**

IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം. 111**. CIN : L99999MH2000PLC129113 • വെബ്സൈറ്റ്: www.sbilife.co.in • ഇമെയിൽ: info@sbilife.co.in • ടോൾ ഫ്രീ നം: 1800-267-9090 (രാവിലെ 9:00 നും വൈകിട്ട് 9:00 നും ഇടയിൽ) • 56161 ലേക്ക് 'CELEBRATE' എന്ന് SMS ചെയ്യുക.

GBKPH.ver.03-06-21 BKL MAL